പുസ്തകം ൧൨. ലക്കം ൧൨.

കന്യകാനാഥ

The Flower of Carmel



പ്രതിമാസ പത്രിക.

December 1914.

സംഗതി വിവരം.

I. ആഗമനകാലം.
II. സുവിശേഷവിവരണം.
III. തിരുസഭാ ചരിത്രസംഗ്രഹം.
IV. വിശുദ്ധ കുമ്പാനം.
V. ദശവിധി.
VI. വന്ദ്യ കൊച്ചുത്രേസ്യാ സഹോദരിയുടെ ചരിത്രസംക്ഷേപം.
VII. ഈശോസഭയുടെ പൊതുശ്രേഷ്ഠന്റെ തെരഞ്ഞെടുപ്പ്.
VIII. ദിവ്യരക്ഷകന്റെ മറുപടി.
IX. കുമ്പാനകഴിഞ്ഞുള്ള പ്രാർത്ഥനകൾ എപ്പോൾ ഉപേക്ഷിക്കാം?
X. തിരുഹൃദയഭക്തന്മാർ ഫെബ്രുവരി മാസത്തിൽ വെക്കേണ്ട പൊതുക്കുരുതൽ.
XI. ലോകവർത്തമാനച്ചുരുക്കം.

നോട്ടീസ്

16
1
1
1

ആരെങ്കിലൊന്നുകൊണ്ടും തടസ്ഥാൽകൂടി ഉൾപ്പടെ ബ്രിട്ടീഷ് രൂപ ഫ.


യാതൊരുത്തൻ 6 പേരെ പത്രവരിക്കാരായി ചേർത്ത് പേരയക്കുകയും സ്വന്തം കേന്ദ്രത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചുകൊടുക്കയും പത്രവരിപിരിച്ചു തന്നുകൊണ്ടുകയും ചെയ്യുന്നതായാൽ ആയാൾക്ക് നാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

"കർമ്മലകുസുമം" മാനേജർ,

Mannanam. മാന്നാനം.

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു അപേക്ഷിക്കയോ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്ക് ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളൂ. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്ക് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.



പുസ്തകം ൧൨) ൧൯൨൪ ഡിസംബർ (ലക്കം ൧൨.

ആഗമന കാലം.

തിരുസഭാസംവത്സരം, വൃശ്ചികമാസാവസാനത്തോടുകൂടി വരുന്ന ആഗമനകാലത്തിന്റെ ആദ്യത്തെയാഴ്ച ആരംഭിക്കുന്നു. തിരുസഭാ സംവത്സരം എന്നതു്, ഒരു ക്രിസ്ത്യാനിയുടെ കൺമുമ്പാകെ അവന്റെ സ്നേഹത്തിന്റെ പ്രേമപിഷയങ്ങളായ സത്യവിശ്വാസ രഹസ്യങ്ങളെ ഒന്നിനു പിറകെ ഒന്നായി കാണിക്കുന്ന തിരുനാളുകളുടെ ഒരു ശേഖരമാകുന്നു. ഈ പെരുന്നാളുകളുടേയും, ആഘോഷങ്ങളുടേയും തുടർച്ച, വൃശ്ചികമാസാവസാനത്തിൽ തുടങ്ങുന്ന ആഗമനം എന്ന വിശുദ്ധ കാലത്തോടുകൂടി ആരംഭിക്കുന്നു.

ഈ സഭാവത്സരം, ക്രിസ്തീയ സഭയിലെ പ്രധാന മഹോത്സവങ്ങളായ രക്ഷിതാവിന്റെ പിറവി പുനരുത്ഥാനം ഗുഹാദ്ധ്യക്ഷദശായുടെ അവരോഹണമായ അമ്പതാംതിരുനാൾ എന്ന ഈ മൂന്നു തിരുനാളുകളെ അനുസരിച്ചു മൂന്നായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്നു തിരുനാളുകൾ പരിശുദ്ധ തമത്രിത്വത്തിന്റെ മൂന്നു ദിവ്യാളുകൾ ലോകരക്ഷയ്ക്കായി ചെയ്തിട്ടുള്ള ഉപകാരങ്ങളേയും, മനുഷ്യജാതിയുടെനേരെ അവക്കുള്ള അവർണ്ണനീയ സ്നേഹത്തെയും നമ്മെ ഓർപ്പിക്കുന്നു. പിറവി, രണ്ടേ കജാതനെ ലോകരക്ഷാർത്ഥം നമുക്കു തന്ന പിതാവായ ദൈവത്തിന്റെ അനന്ത സ്നേഹത്തെ നമ്മെ ഓർപ്പിക്കുന്ന തിരുനാളാകുന്നു. ഉയിർപ്പ്, നമുക്കുവേണ്ടി തന്റെ അമൂല്യജീവനെ കുരിശിൽ ബലികഴിപ്പാൻ മടിക്കാഞ്ഞ പുത്രനായ ദൈവത്തിന്റെ അമിതമായ സ്നേഹത്തെ നമ്മേ ജ്ഞാപകപ്പെടുത്തുന്ന തിരുനാളാകുന്നു. പന്തക്കുസ്താ എന്നു പറയുന്ന അമ്പതാം തിരുനാൾ, നീതിമാന്മാരുടെ ഹൃദയത്തെ തന്റെ ജീവനുള്ള ആലയമാക്കുവാനായി എഴുന്നെള്ളിവന്ന ത്രിത്വത്തിന്റെ മൂന്നാമാളായ ഗുഹാദ്ധ്യക്ഷദശായുടെ അപരിമിതമായ സ്നേഹത്തെ കാണിക്കുന്ന തിരുനാളുമാകുന്നു.

ഇവയിൽ പിറവി തിരുനാളിനോടു നമ. കർത്താവിന്റെ വിശുദ്ധ ശൈശവത്തേയും രഹസ്യജീവിതത്തേയും സംബന്ധിച്ച തിരുനാളുകളും, ഉയിർപ്പിനോടു നമ. കർത്താവിന്റെ പ്രസിദ്ധ ജീവിതത്തേയും, കഷ്ടാനുഭവത്തേയും, മരണത്തേയും, ആരോഹണത്തേയും സംബന്ധിച്ച പെരുന്നാളുകളും, പന്തക്കുസ്തയോടു്, സകല പരിശുദ്ധന്മാരുടേയും സകല മരിച്ചവരുടേയും തിരുനാളുകൾവരെയുള്ള എല്ലാ പരിശുദ്ധന്മാരുടെ തിരുനാളുകളും സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

ആകയാൽ സഭാസംവത്സരത്തിന്റെ ആദ്യഭാഗം നമ. കർത്താവിന്റെ പിറവിക്കു മുൻവരുന്ന നാലു ആഴ്ചവട്ടങ്ങളാകുന്നു. ഇതു രക്ഷിതാവിന്റെ വരവിനെ പൂർവ്വപിതാക്കൾ പാർത്തിരുന്ന നാലായിരം സംവത്സരങ്ങളെ കാണിക്കുന്നു. ഉയിർപ്പു മുതൽ നമ. കർത്താവിന്റെ ആരോഹണം വരെയുള്ള രണ്ടാംഭാഗം നമ. ക. ഈശോമ്ശിഹാ ഭൂമിയിൽ ജീവി

ച്ച അങ്ങേ മർത്യജീവിതത്തെ സൂചിപ്പിക്കുന്നു. അമ്പതാംപെരുന്നാൾ മുതൽ ആഗമനകാലം വരെയുള്ളതായ തിരുസഭാസംവത്സരത്തെ അവസാനിപ്പിക്കുന്ന മൂന്നാംഭാഗം, യുഗങ്ങളുടെ അവസാനംവരെ ഭൂമിയിൽ ജീവിക്കുവാനിരിക്കുന്ന യുദ്ധസഭയുടെ ജീവിതകാലമെല്ലാത്തിനെയും സൂചിപ്പിക്കുന്നു.

ഇപ്പോൾ ആഗമനകാലത്തോടുകൂടി ആരംഭിച്ചിരിക്കുന്നതു, തിരുസഭാസംവത്സരത്തിന്റെ ഒന്നാം ഭാഗമാകുന്നു. ന. കർത്താവിന്റെ പിറവിത്തിരുനാളിനെ വിശ്വാസികൾ യോഗ്യതാപൂർവ്വം കൊണ്ടാടുന്നതിനു അവരെ ഒരുക്കുന്നതിനുവേണ്ടി തിരുസഭാ ഈ വിശുദ്ധകാലത്തെ നിശ്ചയിച്ചിരിക്കുന്നു. പൂർവ്വപിതാക്കന്മാർ നാലായിരം സംവത്സരത്തോളം രക്ഷിതാവിന്റെ വരവിനെ ഉൽകണ്ഠാപൂർവ്വം പാർത്തിരുന്നു. അങ്ങേയറ്റം യോഗ്യതാപൂർവ്വം കൈക്കൊള്ളുവാൻ എങ്ങനെ ഒരുങ്ങിയോ അങ്ങനെ നാമും ഈ നാലു ആഴ്ചവട്ടങ്ങളിൽ മാംസം ധരിച്ച ദിവ്യവചനത്തെ നമ്മുടെ ഹൃദയങ്ങളിൽ സ്നേഹഭക്തിപുരസ്സരം കൈക്കൊള്ളുവാൻ ഒരുക്കം ചെയ്യണമെന്നു തിരുസഭ ആഗ്രഹിക്കുന്നു.

നാം ഈ വരുദ്ധാഗമനകാലത്തെ, (൧) മാംസമായ വചനത്തെ കൂടെക്കൂടെ ആരാധിച്ചുകൊണ്ടും, മറിയത്തെ അവളുടെ ഭാഗ്യാധിരേകത്തെപ്പറ്റി അഭിനന്ദിച്ചുകൊണ്ടും, (൨) ഈശോമ്ശിഹാ നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളിവന്നു് അതിൽ തന്റെ രാജ്യത്തെ സ്ഥാപിച്ചുറപ്പിക്കണം എന്നു രീതിയായി പ്രാർത്ഥിച്ചുകൊണ്ടും, (൩) ജഡത്തിന്റേയും ഏകാന്തത്തിന്റേയും ആശയടക്കത്തിന്റേയും അരുചിയെ നമ്മിൽ ഉണർത്തിക്കൊണ്ടും, (൪) ഭക്തിപൂർവ്വം പാപസങ്കീർത്തനം, ചെയ്തു വി. കുർബ്ബാനയെ കൈക്കൊണ്ടുകൊണ്ടും വിശുദ്ധീകരിക്കേണം.

ആഗമനകാലത്തിന്റെ അവസാനം ന. കർത്താവിന്റെ പിറവിത്തിരുനാളാകുന്നു. ആ ദിവസത്തിനു പട്ടക്കാർ മൂന്നു കുർബ്ബാന ചൊല്ലുന്നു. ഇതു് ദൈവപുത്രന്റെ ത്രിഗുണജനനത്തെ അതായതു്: ൧. കാലാന്തത്തിൽ ബേത്ലഹം തൊഴുത്തിൽ സംഭവിച്ച അങ്ങേ മാംസത്തിലുള്ള ജനനത്തേയും, ൨. ഇടയന്മാരുടേയും വിശ്വാസികളുടേയും ഹൃദയത്തിൽ വിശ്വാസത്താലും സ്നേഹത്താലും ഉണ്ടായ അങ്ങേ ജ്ഞാനജനനത്തേയും, ൩. നിത്യതാത്തിൽ അങ്ങേ പിതാവിന്റെ ചിത്തത്തിൽ (Intellect) സംഭവിച്ച നിത്യജനനത്തേയും ബഹുമാനിക്കുന്നതിനുവേണ്ടിയാകുന്നു.

ഈ ദിവസത്തിൽ മൂന്നു കുർബ്ബാന കാണ്മാൻ നിർബ്ബന്ധമില്ലെങ്കിലും ഭക്തിതീണ്ണതയുള്ളവരായ ക്രൈസ്തവർ ഈ വിശുദ്ധമായതും തിരുസഭയുടെ അരുചിക്കു വളരെ യോജിക്കുന്നതും ആയ ഈ സൂത്രമായ മുറ ആചരിച്ചുവരുന്നു.

കടശിയായി, നമ്മുടെ പൂർവ്വന്മാർ ആചരിച്ചുവന്നപ്രകാരം പിറവിത്തിരുനാളിനു ഒരുക്കമായുള്ള ഇരുപത്തഞ്ചു നോമ്പ് ഓരോരുത്തൻ അവനവന്റെ ഭക്തിയും ശക്തിയും അനുസരിച്ചു കാക്കയും, ഈ ദിവസങ്ങളിൽ നല്ല പാപസങ്കീർത്തനം കഴിച്ചു് ആത്മശുദ്ധീകരണം വരുത്തുകയും, ഓരോരുത്തൻ ചെയ്യുപോയ പാപങ്ങളുടെ എണ്ണവും കഠിനതയും അനുസരിച്ചു് കഴിയുന്ന പ്രായശ്ചിത്തം ചെയ്കയും ചെയ്തുകൊണ്ടു്, പിറവിത്തിരുനാളിൽ ഒരിക്കലും യേശുനാഥയുള്ള സ്ഥലം കിട്ടായ്ക നിമിത്തം ഒരു നിചതൊഴുത്തിൽ പിറന്ന ന. കർത്താവിനെ ശുദ്ധമായ ഹൃദയത്തിൽ കൈക്കൊള്ളുവാൻ ഉത്സാഹിക്കയും വേണം.

൧൯൨൨ . ൨ . ൨൫

സുവിശേഷവിവരണം.

മനുഷ്യരാൽ കാണപ്പെടുന്നതിനു അവരുടെ മുമ്പാകെ നിങ്ങളുടെ നീതിയെ ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അല്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവുങ്കൽ നിങ്ങൾക്കു പ്രതിഫലമുണ്ടാകയില്ല. ആകയാൽ നീ ധർമ്മം ചെയ്യുമ്പോൾ, കപടഭക്തിക്കാർ, തങ്ങൾ മനുഷ്യരാൽ സ്തുതിക്കപ്പെടുവാനായി ജപസ്ഥാനങ്ങളിലും തെരുവീഥികളിലും



ചെയ്യുന്നതുപോലെ, നിന്റെ മുമ്പാകെ കൂഴൽവിളിക്കരുതു. അവർ തങ്ങളുടെ പ്രതിഫലം പ്രാപിച്ചു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ നീ ധർമ്മം കൊടുക്കുമ്പോൾ നിന്റെ വലത്തുകൈ എന്തു ചെയ്യുന്നുവെന്നു ഇടത്തുകൈ അറിയരുതു. ഇതു, നിന്റെ ധർമ്മം രഹസ്യമായിരിപ്പാൻ വേണ്ടിയാകുന്നു. എന്നാൽ രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു് നിനക്കു പ്രതിഫലം നൽകും. പിന്നെയും നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, മനുഷ്യരാൽ കാണപ്പെടുവാനായിട്ടു ജപസ്ഥാനങ്ങളിലും തെരുവീഥികളുടെ കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ പ്രിയപ്പെടുന്ന കപടഭക്തിക്കാരെപോലെ ആകരുതു; അവർക്കു തങ്ങളുടെ പ്രതിഫലം കിട്ടിയിരിക്കുന്നുവെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നീ നിന്റെ മുറിയിൽ പ്രവേശിച്ചു, കതകു അടച്ചു് രഹസ്യത്തിൽ നിന്റെ പിതാവിനോടു അപേക്ഷിക്ക, എന്നാൽ രഹസ്യത്തിൽ കാണുന്ന പിതാവു് നിനക്കു പ്രതിഫലം നൽകും ... പിന്നെയും നിങ്ങൾ ഉപവസിക്കുമ്പോൾ കപടഭക്തിക്കാരെപോലെ ദുഃഖഭാവമുള്ളവരായിരിക്കരുതു, എന്തുകൊണ്ടെന്നാൽ, അവർ ഉപവസിക്കുന്നവരായി മനുഷ്യർക്കു കാണപ്പെടുവാൻ വേണ്ടി, അവർ തങ്ങളുടെ മുഖങ്ങളെ വിരൂപമാക്കുന്നു. അവർക്കു തങ്ങളുടെ പ്രതിഫലം കിട്ടിയിരിക്കുന്നുവെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ നീ ഉപവസിക്കുമ്പോൾ നിന്റെ തലയിൽ തൈലംപൂശുകയും നിന്റെ മുഖം കഴുകുകയും ചെയ്ക. ഇതു നീ ഉപവസിക്കുന്നവനായി മനുഷ്യർക്കല്ല, രഹസ്യത്തിലിരിക്കുന്ന നിന്റെ പിതാവിനു കാണപ്പെടുവാനായിട്ടത്രെ. അപ്പോൾ രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു് നിനക്കു പ്രതിഫലം നൽകും."

(വിശുദ്ധമത്തായി ന്യ. ക. ഫ്വ.)

വിവാഹം. പുണ്യജീവിതത്തിന്റെ ഉത്തമ ഗുരുനാഥനായിരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹാ, പുണ്യപ്രവൃത്തികളുടെ ഫലത്തെ നഷ്ടമാക്കിക്കളയുന്നതായ സ്വാർത്ഥിയിൽനിന്നു നാം അത്യന്തം സൂക്ഷിക്കേണമെന്നു ഇവിടെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. സകല മനുഷ്യരും പ്രധാന പുണ്യപ്രവൃത്തികളായി സമ്മതിച്ചിരിക്കുന്ന നോമ്പു, നമസ്കാരം, ദാനധർമ്മം എന്നീ മൂന്നു പുണ്യങ്ങളേയും ഉദാഹരണമായി എടുത്തുകാണിച്ചുകൊണ്ടു, ഓരോന്നിനെപ്രതിയും നമുക്കു ഉപദേശങ്ങൾ തന്നിരിക്കുന്നു. ഈ മൂന്നു പുണ്യപ്രവൃത്തികളെക്കുറിച്ചു പറഞ്ഞിട്ടുള്ളതു മറ്റു സകല പുണ്യപ്രവൃത്തികളെക്കുറിച്ചും സമത്തിൽ ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആകയാൽ മനുഷ്യരുടെ മതിപ്പിനെക്കുറിച്ചും, അവരുടെ മുമ്പാകെ സ്തുതിക്കപ്പെടുവാനായിട്ടും യാതൊരു പുണ്യപ്രവൃത്തിയും നാം ചെയ്യരുതു. എന്തെന്നാൽ ആ പുണ്യപ്രവൃത്തിയുടെ ഫലം നാം വെടിഞ്ഞുപോകയും, കപടഭക്തിയെന്ന നമ്മെയായ നിഗളം മുഖാന്തിരം ദൈവത്തിൻമുമ്പാകെ നാം വെറുക്കപ്പെട്ടവരായി തീരുകയും ചെയ്യും. നമ്മുടെ തനിച്ചുള്ള പുണ്യപ്രവൃത്തികൾ ആകാശത്തിലിരിക്കുന്ന നമ്മുടെ പിതാവു് മാത്രം കാണത്തക്കവിധം പാടുപോലെ രഹസ്യമായി ചെയ്യേണ്ടതാണെങ്കിലും, സകലരും കൂടി ദേവാലയങ്ങളിലും മറ്റും നടത്തേണ്ടതായ പ്രസിദ്ധാരാധനയും പ്രാർത്ഥനയും സൽക്രിയങ്ങളും മുടക്കുന്നില്ല. "മനുഷ്യർ നിങ്ങളുടെ നന്മപ്രവൃത്തികളെ കാണുകയും, സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പിതാവിനെ സ്തുതിക്കയും

ചെയ്യേണ്ടതിന്നു, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ ശോഭിക്കട്ടെ'' എന്നു ദിവ്യഗുരുതന്നെ നമുക്കു തന്നിരിക്കുന്ന സൽമാതൃകയെക്കുറിച്ചുള്ള ഉപദേശത്തിന്നു ഇതു അനുരൂപമായിരിക്കും. നന്മപ്രവൃത്തികളെ ഫലമറവയാക്കിതീർക്കുന്നതുമായ സൂതിയാണ്. അപ്പൊ നന്മപ്രവൃത്തികൾ പ്രസിദ്ധമായൊ രഹസ്യമായൊ ചെയ്യപ്പെട്ടാലും അവയിൽനിന്നു മായസൂതി പൂർണ്ണമായി ഒഴിഞ്ഞിരിക്കേണമെന്നതെ നമ്മുടെ കർത്താവു് മുഖ്യമായി നമ്മോടു ഉപദേശിക്കുന്നതു്.

ר. ב. ?לכ

തിരുസഭാ ചരിത്രം.

വിശുദ്ധ തോമ്മാ ശ്ലീഹാ.

നാലാം സ്ഥാനം.

മൈലാപ്പൂരിൽ വേദം പ്രസംഗിച്ചതു്.

കഴിഞ്ഞലക്കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ വിശുദ്ധ ശ്ലീഹാ പാലൂരിൽ താമസിച്ചുവരവെ അദ്ദേഹത്തെ ക്രൂട്ടിക്കൊണ്ടു ചെല്ലുന്നതിനായി മൈലാപ്പൂർ രാജാവായ ചോഴപ്പെരുമാൾ അയച്ച ആളുകൾ വന്നെത്തി. മൈലാപ്പൂരിൽ വേദം അറിയിക്കുന്നതിനു ദൈവം നിശ്ചയിച്ചകാലമായി എന്നു ഗ്രഹിച്ചു് സന്തുഷ്ടമാനസനായി അവരുടെകൂടെ പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ അരമനപണിയുടെ കാര്യം ചോദിക്കയിൽ അതു സ്വർഗ്ഗത്തിൽ പണിതിട്ടുണ്ടെന്നും അവിടെ ചെല്ലുമ്പോൾ കാണാമെന്നിടയാകുമെന്നും ശ്ലീഹാ പറഞ്ഞതുനിമിത്തം രാജാവു കോപാക്രാന്തനായി, ശ്ലീഹായെ പാറാവിലാക്കി. ഇളയ രാജാവു് തന്നിമിത്തം അത്യന്തം ഇശ്വാഭംഗവും ക്രോധവും നിറഞ്ഞു് രോഗബാധിതനായി തീരുകയും, താമസിയാതെ കാലഗതി പ്രാപിക്കയും ചെയ്തു. ഇയാളുടെ ആത്മാവു് പരലോകത്തിൽ അതിമനോഹരമായ ഒരു അരമന പണിതിരിക്കുന്നതായി കണ്ടു, ഇതാരുടേതാണെന്നറിവാൻ ആഗ്രഹിക്കുകയിൽ ജേഷ്ഠനായ രാജാവിന്നു വിശുദ്ധ തോമ്മാ പണികഴിച്ചതാണെന്നും അയാളുടെ മരണാനന്തരം അവിടെ പാപ്പാന്മാരുമെന്നും മാലാഖാമാർമൂലം അറിഞ്ഞു. അതേസമയംതന്നെ ദൈവനിശ്ചയപ്രകാരം അയാളുടെ ആത്മാവു് ശരീരത്തിലേക്കു പിന്തിരിഞ്ഞു് പുനരുത്ഥാനം ചെയ്തു. എല്ലാവരും ഇതു കണ്ടു വിസ്മയപരവശരായി. ഉയിർത്ത ഇളയ രാജാവു് ജ്യേഷ്ഠനോടു, തങ്കൾക്കായി പരദേശിയായ തോമ്മാ സ്വർഗ്ഗത്തിൽ പണിതിരിക്കുന്ന എത്രയും വിചിത്രമായ അരമനയെ ദൈവദൂതന്മാർ എന്നെ കാണിച്ചു എന്നും, അതിന്നു ചിലവായതിൽ ഇരട്ടി ഞാൻ തന്നുകൊള്ളാമെന്നും അതു എനിക്കു വിട്ടുതരണമെന്നും പറഞ്ഞു. അപ്പോൾ ഇതു അത്ഭുതമായി സംഭവിച്ചതാണെന്നു ഗ്രഹിച്ചു, രാജാക്കന്മാരിരുവരും പരിവാരസമേതം, കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരുന്ന തോമ്മായെ കാണുന്നതിനായി പോകയും, നടന്ന വൃത്താന്തമെല്ലാം അറിയിക്കയും അദ്ദേഹത്തോടു തങ്കൾ ചെയ്ത ഉപദ്രവങ്ങളെപ്പറ്റി മാപ്പപേക്ഷിക്കയും ചെയ്തു. വിശുദ്ധ ശ്ലീഹായെ അവരുടെ രഥത്തിൽ കയറ്റി ആഡംബരപൂർവ്വം അരമനയിൽ കൊണ്ടുവന്ന അദ്ദേഹത്തോടു വേദകാര്യങ്ങളെക്കുറിച്ചറിയുകയും അവക്കുണ്ടായിരുന്ന സംശയങ്ങളെല്ലാം ചോദിച്ചു തീർക്കുകയും ചെയ്തു. ഇപ്രകാരം രാജാക്കന്മാരും രണ്ടായിരം ജനങ്ങളും വിശുദ്ധ ശ്ലീഹായിൽനിന്നു സത്യവിശ്വാസം കൈക്കൊണ്ടു മാമ്മോദീസാ മുങ്ങി. എന്നാൽ രാജാക്കന്മാർ മാമ്മോദീസാ മുങ്ങിയ വൃത്താന്തം അബ്ദീയാസ് എന്ന ചരിത്രകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു:– നിശ്ചിതദിവസം രാത്രിയിൽ രാജാക്കന്മാർക്കു മാമ്മോദീസാ കൊടുക്കുന്നതിനായി വിശുദ്ധ ശ്ലീഹാ ദീപാവലികൊണ്ടു പ്രശോഭിതമായ രാജകുളത്തിൽ അവരോടുകൂടെ ഇറങ്ങി. അപ്പോൾ ദിവ്യരക്ഷിതാവു് അവിടെ പ്രത്യക്ഷനായി, എന്റെ സഹോദരന്മാരെ! നിങ്ങൾക്കു സ്വസ്തി എന്നു പറഞ്ഞു് അവരെ ആശീർവ്വദിച്ചു. അനന്തരം ശ്ലീഹാ അവരുടെമേൽ തൈലാഭിഷേകം ചെയ്തു പരിശുദ്ധാത്മാവിന്റെ വരം പ്രാ

ത്ഥിച്ച് ജ്ഞാനസ്നാനം നൽകി. അവ ക്ക് സിദ്ധിച്ച ജ്ഞാനപ്രകാശത്തിന്റെ സാദൃശ്യമായിട്ട് അത്യന്ത ശോഭയുള്ള ഒരു ദീപം കയ്യിൽ പിടിച്ചുകൊണ്ട് ഒരു ദൈവദൂതൻ അവക്ക് കാണപ്പെട്ട പിറേന്നാൾ വിശുദ്ധ ശ്ലീഹാ ദിവ്യപൂജ അർപ്പിച്ച് അവക്ക് വിശുദ്ധ കുർബാന നൽകി. അവരാകട്ടെ ജ്ഞാനാനന്ദപൂരിതരായി ദൈവത്തിന്നു ഹൃദയപൂർവ്വമായ സ്തോത്രങ്ങൾ സമർപ്പിച്ചിരുന്നു.

വിശുദ്ധ ശ്ലീഹാ മൈലാപ്പൂരിൽ രണ്ടരവർഷം താമസിച്ച് വേദം അറിയിക്കയും മരിച്ചവരെ ഉയിർപ്പിക്കുക, ദീനക്കാരെ സൌഖ്യമാക്കുക, പിശാചുബാധയെ ഒഴിക്കുക, മുതലായി വളരെ അത്ഭുതങ്ങൾ ചെയ്കയും ചെയ്കകൊണ്ട് വിണ്ടും വളരെ ആളുകളെ സത്യമാർഗ്ഗത്തിൽ ചേർത്തു.

വിശുദ്ധ അപ്രേമും, ടൂർസിലെ വിശുദ്ധ ഗ്രിഗോരിയോസും മറ്റും അംഗീകരിച്ചിരിക്കുന്ന പ്രസ്തുത അബ്ദീയാസിന്റെ ചരിത്രത്തിൽ സാക്ഷിക്കുവണ്ണം വിശുദ്ധ തോമ്മാ മൈലാപ്പൂരിലായിരിക്കയിൽ ഒരു ദിവസം ദൈവാരാധനയ്ക്കായി പ്രാർത്ഥിക്കുവാൻ സ്വന്ത ശിഷ്യരോടുകൂടെ ഒരു സ്ഥലത്തു ചെന്നപ്പോൾ പാമ്പിന്റെ കടിയേറ്റു ചത്തുകിടക്കുന്ന ഒരു യുവാവിന്റെ പ്രേതം കണ്ടു. അപ്പോൾ ഒരു കറുത്ത വലിയ പാമ്പു വെളിക്കു വന്നതുകണ്ടു എല്ലാവരും ഭയന്നു. എന്നാൽ ശ്ലീഹാ ആ പാമ്പിൽ ആവസിച്ചിരുന്ന പിശാചിനോട് നീ ഈ ബാലനെ എന്തിനു കൊന്നുവെന്നും മനുഷ്യവർഗ്ഗത്തോടു നീ എന്തെല്ലാം തന്ത്രമാണ് ചെയ്യുന്നതെന്നും ഈ പുരുഷാരത്തിന്റെ മുമ്പാകെ പറഞ്ഞറിയിക്കുക എന്നു ദൈവനാമത്തിൽ ആജ്ഞാപിച്ചു. അതിനു പിശാചു് ഈ ബാലന്റെ ദുർന്നടപ്പു നിമിത്തമാണു അവനെ കൊന്നതെന്നും, ആദം മുതൽ അസംഖ്യം മനുഷ്യരെ അഹങ്കാരം, ദ്രവ്യാശ, മാംസേച്ഛ, വിഗ്രഹാരാധന മുതലായ പാപങ്ങൾ വഴിയായി നാശത്തിൽ ഉൾപ്പെടുത്തിവരുന്നുവെന്നും വിവരമായി പറഞ്ഞറിയിച്ചു. വിശുദ്ധ ശ്ലീഹാ ആ ബാലനെ ഉയിർപ്പിച്ചു രക്ഷയുടെ മാർഗ്ഗത്തിലാക്കി. ജനങ്ങൾ ഇതെല്ലാം കണ്ടു അത്യന്തം പരിഭ്രമിക്കയും വിഗ്രഹാരാധന മുതലായ പിശാചിന്റെ പ്രവൃത്തികളെ പരിത്യജിച്ച്, സത്യവേദം അനുസരിക്കയും ഉണ്ടായി. താൻ പ്രസംഗിച്ചിരുന്ന ക്രീസ്തുമതത്തിന്റെ സത്യത്തെ ഏറ്റവും സ്ഥിരപ്പെടുത്തി എല്ലാവർക്കും ബോധ്യമാക്കുന്നതിലേക്കായി ശ്ലീഹാ മറ്റനേകം അത്ഭുതങ്ങൾ ചെയ്തതിനും പുറമെ, പൂർവ്വത്തിൽ ബെലഹും ദീർഘദർശിയുടെ കഴുതയേക്കൊണ്ടു ദൈവം സംസാരിപ്പിച്ചതുപോലെ ശ്ലീഹായുടെ അപേക്ഷയാൽ ഒരു കഴുതയേക്കൊണ്ട് താൻ സത്യ ദൈവപുത്രനായ മ്ശിഹായുടെ പ്രേഷകനാണെന്നും താൻ പ്രസംഗിക്കുന്ന വേദം സത്യവേദമാണെന്നും അത്ഭുതമായി പറയിപ്പിക്കയും ചെയ്തു.

ഒരു ദിവസം വിശുദ്ധ ശ്ലീഹാ കുർബാനചൊല്ലി ജനങ്ങൾക്കു ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കയിൽ ഒരു യുവാവു് ആ കാലത്തിലെ ചട്ടം അനുസരിച്ച് ദിവ്യകാരുണ്യം വാങ്ങിപ്പാനായി കരങ്ങൾ നീട്ടിയപ്പോൾ അവ വിറങ്ങലിച്ചുപോയി. ശ്ലീഹാ പിന്നീട് അവനോടു നീ എന്തുകുറ്റം ചെയ്തു എന്നു ചോദിച്ചതിൽ, മോഹപാപത്തിന്റെ നികൃഷ്ടതയെപ്പറ്റി അങ്ങുന്നു പറഞ്ഞ ഗൌരവമേറിയ പ്രസംഗംകേട്ടു ഞാൻ വളരെ ഭയപ്പെട്ടു. തന്നിമിത്തം ദുർന്നടപ്പുകാരിയായ ഒരു സ്ത്രീയോടു ഞാൻ എത്രതന്നെ ഗൂഢദോഷിച്ചിട്ടും ഫലമൊന്നും ഉണ്ടാകുന്നില്ലെന്നു കണ്ടു, അവളെ കൊന്നുകളയുന്നതു യുക്തമെന്നു വിചാരിച്ചു, അവളെ ഞാൻ കൊന്നു എന്നു് ആ യുവാവു വളരെ വ്യസനത്തോടെ ഏറ്റു പറഞ്ഞു. വിശുദ്ധൻ അവന്റെ മനസ്താപം കണ്ടു ആർദ്രചിത്തനായി, അവനോടുകൂടെ കൊല്ലപ്പെട്ട സ്ത്രീയുടെ പക്കൽ ചെന്നു് അവളെ തന്റെ പ്രാർത്ഥനമൂലം ഉയിർപ്പിക്കയും അവന്റെ കൈകൾ തീർത്ഥജലംകൊണ്ടു സ്വസ്ഥമാക്കുകയും ചെയ്തു. ഈ സ്ത്രീ മരിച്ചതിന്റെശേഷം അവളുടെ ആത്മാവു് നരകത്തിലേക്കു കൊണ്ടുപോകപ്പെടുകയും അവിടെ നരകവാസികൾ അനുഭവിച്ചിരുന്ന അതിഭയങ്കരമായ ബാധകളേയും പീഡകളേ

യും കാണുകയുണ്ടായി. അതിനാൽ ജനങ്ങളുടെ ഉപകാരത്തിനായി, അവൾ കണ്ട ഭങ്കരകാഴ്ചകളെല്ലാം ശ്ലീഹായുടെ ആജ്ഞയനുസരിച്ച് എല്ലാവരുടേയും മുമ്പാകെ വിവരമായി പറഞ്ഞറിയിക്കയും അവളുടെ പഴയ ദുർമ്മാർഗ്ഗം ഉപേക്ഷിച്ചു മനസ്സുതിരികയും ചെയ്തു.

വിശുദ്ധ ശ്ലീഹാ ഇപ്രകാരം മൈലാപ്പൂരിൽ രണ്ടരവർഷം താമസിച്ചു മേല്പറഞ്ഞവിധം രാജാക്കന്മാരെ സത്യവേദത്തിൽ ചേർക്കയും, ജ്യേഷ്ഠനായ പത്രോസെന്നും അനുജനായ പൌലോസെന്നും പേരിട്ടുകയും, പൌലോസിനെ മൈലാപ്പൂരിലെ മെത്രാനായി അഭിഷേകം ചെയ്കയും ചെയ്തു. അവിടെ ഏഴായിരം ആളുകളെ സത്യമാർഗ്ഗത്തിൽചേർത്തു. ആദ്യം അവരുടെ ആരാധനയ്ക്കായി ശ്ലീവായും പിന്നീട് പള്ളികളും സ്ഥാപിക്കയും പ്രസ്തുത മെത്രാന്റെ ആജ്ഞയിൻകീഴിൽ ആറു വൈദികന്മാരെ നിയമിക്കയും ചെയ്തു. എന്നാൽ ശ്ലീഹാ തന്റെ ശിഷ്യരോട് എല്ലാവരോടും മുഖ്യമായി ഉപദേശിച്ചിരുന്നത് ദുർഗ്രണങ്ങളുടെ മൂന്നു ഉറവുകളായ മോഹം, ദ്രവ്യാഗ്രഹം, സുഖഭോഗം എന്നിവകളേപ്പറ്റിയായിരുന്നു. ഈ മഹാത്മാവിന്റെ അതിമാനുഷികമായ പുണ്യപ്രവൃത്തികൾകൊണ്ടും ഉപദേശങ്ങളാലും ക്രിസ്ത്യാനികൾ ഏഴരവൻഗേലിക്കുണ്ടായ സാംഗോപാംഗത്തിൽ അത്യധികം അഭിവൃദ്ധി പ്രാപിച്ചതിനാൽ, ഓർശ്ലേമിലും അലക്സാന്ത്രിയായിലും സംഭവിച്ചതായി നാം അറിഞ്ഞിരിക്കുന്നതുപോലെ, ഇവരും തങ്ങളുടെ സ്വസ്വഭാവവും അദ്ദേഹത്തെ ഏല്പിക്കയും, അദ്ദേഹം അവരുടെ ജീവിതമുറയ്ക്കുവേണ്ട ചട്ടവട്ടങ്ങൾ നിശ്ചയിച്ചുകൊടുക്കയും ചെയ്തു എന്നു മാളിയേക്കൽ റമ്പാൻ സാക്ഷിക്കുന്നു. ഓരോ പട്ടണങ്ങളിൽ ശ്ലീഹായുടെ ഉപദേശം അനുസരിച്ച് അനേകം വിധവകൾ ലോകസന്തോഷങ്ങളെ ഉപേക്ഷിച്ചു വിരക്തജീവിതം കഴിച്ചിരുന്നു. ധർമ്മിഷ്ഠന്മാർ ശ്ലീഹായുടെ പക്കൽ ധാരാളമായി കൊടുത്തിരുന്ന ധനം അവരുടെ ഉപജീവനാർത്ഥം കൊടുത്തയച്ചിരുന്നു. കൂടാതെ വളരെ പേർ തങ്ങളുടെ വീടിനേയും വസ്തുക്കളേയും സംബന്ധക്കാരേയും മറ്റും, ദിവ്യമണവാനായ മശിഹായോട് ഏറ്റം സാംഗോപാംഗമായി ചേരുന്നതിനായി, ധൈര്യസമേതം ഉപേക്ഷിച്ചു സന്ന്യാസജീവിതം അനുഷ്ഠിച്ചിരുന്നതായി പ്രസ്തുത അബ്ദിയാസ് സാക്ഷിച്ചിരിക്കുന്നു.

ഇപ്രകാരം മൈലാപ്പൂരിലെ സഭാകാര്യങ്ങളൊക്കയും വളരെ ഭംഗിയായി ക്രമപ്പെട്ടതിനുശേഷം മലയാളത്തിലേക്കു തിരിയെ വരുന്നതിനു കരമാർഗ്ഗം യാത്രചെയ്കയിൽ മാലാഖമാരുടെ സഹായത്താൽ മലയാറ്റൂർ എന്ന സ്ഥലത്തു വന്നെത്തി. അവിടെ രണ്ടുമാസംവരെ താമസിച്ചു ഇരുനൂറ്റി ഇരുപതുപേരെ സത്യവേദത്തിൽ ചേർത്തു.

ശ്ലീഹാ അവിടെ മലയിൽ കയറി കുന്തിവിന്റെ പങ്കപ്പാടിനേക്കുറിച്ചു ധ്യാനിക്കയും തപസ്സു ചെയ്കയും ഒരു ശ്ലീവാ സ്ഥാപിച്ചു നമസ്കരിക്കയും കുർബ്ബാന ചൊല്ലുകയും ചെയ്തുവെന്നും തന്റെ ആഗ്രഹംപോലെ ജനങ്ങൾ മനസ്സുതിരിയാത്തതിനേപ്പറ്റി വ്യസനിച്ചിരിക്കയിൽ, പരിശുദ്ധ ദൈവജനനി പ്രത്യക്ഷയായി ശ്ലീഹായെ ആശ്വസിപ്പിച്ചു എന്നും പരമ്പരയാ പറയപ്പെടുന്നു. പിന്നീട് വളരെക്കാലത്തിനുശേഷം ഈ മലയിൽ ശോഭയേറിയ ഒരു പൊൻകുരിശു അത്ഭുതമായി ഭൂമിയിൽനിന്നു പ്രത്യക്ഷപ്പെട്ട വൃത്താന്തം നാടൊട്ടുക്കു ജനങ്ങളുടെ ഇടയിൽ വിശ്വസിക്കപ്പെട്ടുപോരുന്നതും അതിനേക്കുറിച്ചു മലയാറ്റൂർ കുരിശുമലയുടെ പാട്ടുകൾ എന്നു പറയപ്പെടുന്ന സംഗീതശേഖരത്തിൽ സവിസ്തരം വർണ്ണിക്കപ്പെട്ടിരിക്കുന്നതുമാണ്. ഈ കാണപ്പെട്ട കുരിശിന്റെ ഓർമ്മയ്ക്കായി ടി. സ്ഥലത്തു വിശേഷമായ ഒരു വലിയ കുരിശു സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പുരാതനമായുള്ള ഈ നാട്ടുകളിൽനിന്നു മാത്രമല്ല, അന്യരാജ്യങ്ങളിൽനിന്നുകൂടെയും അസംഖ്യം തീർത്ഥയാത്രക്കാർ ചെന്നു ഈ തിരുക്കുരിശിനെ വണങ്ങി നമസ്കരിക്കയും വിശുദ്ധ തോമ്മാ ശ്ലീഹായുടെ മാദ്ധ്യസ്ഥം അപേക്ഷിക്കയും തന്നിമിത്തം അവർക്കു വളരെ മനോഗുണങ്ങൾ സിദ്ധിച്ചുവരികയും ചെയ്യുന്നു. വിശുദ്ധ ശ്ലീഹാ ഈ മലയിൽ കയറി തപസ്സുചെയ്ത മാസങ്ങ

ൾ ഇതുതന്നെയാണെന്നുള്ളതും സ്മരണീയമാണ്.

൧൮൮൨ ൨൰൮

വിശുദ്ധ കുർബ്ബാന.

ഈ ക്രൂശാശയിൽ ഈശോ മനുഷ്യരുടെനേരെ കാണിച്ചിരിക്കുന്ന സ്നേഹമാഹാത്മ്യത്തെപ്പറ്റി ഭക്തിയുള്ള ആത്മാവെ! കുറഞ്ഞൊന്നു ചിന്തിക്കുക. സ്നേഹവത്സനായ ഒരു പിതാവു തന്റെ മക്കളുടെനേരെ തനിക്കുള്ള അതിയായ സ്നേഹവും പക്ഷവും കാണിക്കുന്നതു എപ്പോഴാകുന്നു? അതു തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിലാകുന്നു. തന്റെ പ്രേമകുഞ്ഞുങ്ങൾ തന്റെ മരണക്കട്ടിലിനു ചുറ്റും നിന്നുകൊണ്ടു കണ്ണുനീർ ചിന്തിക്കരയുന്നതു കാണുകയും സല്പുനേരം കഴിഞ്ഞാൽ പിന്നെ അവരെ ഇഹലോകത്തിൽവച്ചു കാണ്മാൻ തനിക്കു സംഗതിയാകയില്ലായെന്നു വ്യസനപൂർവ്വം ചിന്തിക്കയും ചെയ്യുമ്പോഴാകുന്നു. അപ്പോൾ തനിക്കു ശേഷിച്ചിരിക്കുന്ന ശക്തിയെല്ലാം ഉപയോഗിച്ചുകൊണ്ടു അവരുടെനേരെ തന്റെ ക്ഷീണിച്ച കരങ്ങളെ നീട്ടി, അത്യന്ത പക്ഷത്തോടെ അവരെനോക്കി ഇപ്രകാരം പറയുന്നു. എത്രയും വാത്സല്യകുഞ്ഞുങ്ങളെ! വരുവിൻ. കടശിയിലത്തേ പ്രാവശ്യമായി എന്റെ മടിയിൽ നിങ്ങൾ വരുവിൻ. എന്റെ ഹൃദയത്തോടു നിങ്ങൾ മേനി ഒന്നിപ്പിൻ. എന്നിപ്രകാരം പറഞ്ഞുകൊണ്ടു അവരെ പിടിച്ചു തഴുകുകയും മുത്തുകയും ആശീർവ്വദിക്കയും ഓരോ സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യുന്നു. കടശി എല്ലായിലും വിശേഷിക്കപ്പെട്ടതും വിലയേറിയതുമായ സാധനം വരുത്തിയശേഷം പറയുന്നു. ഞാൻ ഇതാ മരിപ്പാൻ പോകുന്നു... ഇനി നമ്മൾ ഒരുമിച്ചു ഇവിടെ ഇരിക്കയില്ല. ആകയാൽ എത്രയും പ്രിയപ്പെട്ട മക്കളെ! ഇതു നിങ്ങൾ എടുത്തുകൊൾവിൻ. നിങ്ങളുടെ പിതാവു് നിങ്ങളെ സ്നേഹിച്ചസ്നേഹം ഓർത്തുകൊൾവിൻ.

ഹാ! ഭക്തിയുള്ള ആത്മാവെ! നമ്മുടെ യഥാർത്ഥ പിതാവും, തനിക്കു തുല്യനായ ഒരു പിതാവു ലോകത്തിൽ ഒരിക്കലും ഉണ്ടായിട്ടുമില്ല ഉണ്ടാകുന്നതുമല്ല അതിനു തക്കവണ്ണം നമ്മെ സ്നേഹിക്കുന്ന ഒരു പിതാവായ ഈശോമിശിഹാ നമ്മോടു കാണിച്ചതും ഈവിധം തന്നെയാണു്. എങ്ങനെയെന്നാൽ, തന്റെ മർത്യജീവിതത്തിന്റെ കാലമെല്ലാം നമ്മെ അത്യന്ത തീഷ്ണതയോടെ സ്നേഹിക്കയും തന്റെ അളവറ്റ സ്നേഹത്തിന്റെ ലക്ഷ്യങ്ങളെ അനവധിയായി കാണിച്ചുതരികയും ചെയ്യുവെങ്കിലും തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിലായപ്പോൾ, അപരിചിതമായ തന്റെ സ്നേഹത്തെ ഏറ്റവും തെളിവായി ദൃഷ്ടാന്തപ്പെടുത്തുവാൻ ചിത്തമായി. ഇതിനാൽ നിത്യസ്മരണയ്ക്കു യോഗ്യമായ ആ രാത്രിയിൽ, അതായതു, തന്റെ ഇഹലോകജീവിതത്തിലെ അവസാനരാത്രിയിൽ, തന്റെ ശിഷ്യരെ എല്ലാവരേയും വിളിച്ചുകൂട്ടി, അവരോടു ഇപ്രകാരം പറയുന്നു. ഓ! എന്റെ എത്രയും പ്രിയപ്പെട്ടവരെ! ഇതാ ഇപ്പോൾ ഞാൻ നിങ്ങളെ വിട്ടുപിരിയേണ്ടതായി വന്നിരിക്കുന്നു. എന്റെ പിതാവിന്റെ അടുക്കൽ പിന്തിരിയേണ്ടതായ സമയം ഇപ്പോൾ ആയിരിക്കുന്നു. എന്നുവെച്ചു നിങ്ങൾ ഭയപ്പെടും വിഷാദിച്ചിട്ടും ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, സത്യത്തിന്റെ ആത്മാവായ വേറൊരു ആശ്വാസകാരനെ ഞാൻ നിങ്ങൾക്കായി അയച്ചുതരും. അയാൾ എല്ലായ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയും നിങ്ങൾക്കു ഇപ്പോൾ ഗ്രഹിപ്പാൻ ശക്തിയില്ലാത്തതായ ആ സത്യങ്ങളെ ഒക്കയും നിങ്ങളെ പഠിപ്പിക്കുകയും ചെയ്യും. ഞാൻ തന്നെയും നിങ്ങളെ അനാഥന്മാരായി ഉപേക്ഷിച്ചുപോകയില്ല. പിന്നെയോ, നിങ്ങളോടുകൂടെയും നിങ്ങളുടെ ശേഷം എന്നിൽ വിശ്വസിപ്പാനിരിക്കുന്നവരോടുകൂടെയും ലോകാവസാനപര്യന്തം ഞാൻ ഉണ്ടായിരിക്കയും ചെയ്യും. ഞാൻ ജഗപ്രകാരത്തോടും നിങ്ങളോടും പ്രസംഗിക്കയിൽ അനേകം പ്രാവശ്യം പറഞ്ഞൊത്ത ഒരു സംഗതിയെ ഓർപ്പിക്കുന്നു. അതായതു്

ആകാശത്തിൽ നിന്നിറങ്ങിയ ഒരു അപ്പം നിങ്ങൾക്കു ഭക്ഷിപ്പാനായി തരുമെന്നും ഇതു നിങ്ങളുടെ പിതാക്കന്മാർ ഭക്ഷിച്ച മന്നായെന്ന അപ്പംപോലെ അല്ല, ഇതു ഭക്ഷിക്കുന്നവനാരൊ അവൻ നിത്യമരണത്തിൽനിന്നു രക്ഷപെടും എന്നും ഉള്ളതാണ്. ഈ എന്റെ ഉടമ്പടികളെ നിറവേറുന്നതിനും എനിക്കു നിങ്ങളോടുള്ള സ്നേഹത്തിന്റെ ഏറ്റവും മഹത്തായ ഒരു ഈടുവണയും നിങ്ങൾക്കു തരുന്നതിനും ഉള്ള സമയം ഇതാ വന്നിരിക്കുന്നു. ആകയാൽ, "നിങ്ങൾ എടുത്തു ഭക്ഷിപ്പിൻ. ഇതു എന്റെ ശരീരം ആകുന്നു. നിങ്ങൾ എടുത്തു പാനംചെയ്പിൻ. ഇതു എന്റെ രക്തം ആകുന്നു. ഇതു എന്റെ ഓർമ്മയ്ക്കായി ചെയ്തുകൊൾവിൻ."

എന്നാൽ ഇതു വലുതായ ഒരു ദാനം നിങ്ങൾക്കുമാത്രം തരുന്നതുകൊണ്ടു എന്റെ ഹൃദയത്തിനു തൃപ്തിവരുന്നില്ല. വരുംകാലങ്ങളിൽ എന്റെ അനുഗാമികളായി ചേരുവാനിരിക്കുന്ന സകലരും ഇതിൽ പങ്കുനുഭവിക്കുണമെന്നാണ് എന്റെ ഹൃദയാഭിലാഷം. ആകയാൽ ഇപ്പോൾ ഞാൻ ചെയ്യുന്നപോലെ ലോകാവസാനത്തോളം ചെയ്യപ്പെടുന്നതിലേക്കു നിങ്ങളെ ഞാൻ ഇപ്പോൾ പട്ടക്കാരാക്കുകയും ശേഷംപേരെ ഈ സ്ഥാനത്തിൽ ഉയർത്തുന്നതിനു നിങ്ങൾക്കു ഞാൻ അധികാരം നൽകുകയും ചെയ്യുന്നു. ഇപ്രകാരം എന്റെ ഹൃദയത്തിനു സന്തുഷ്ടിയുണ്ടാകുന്നതാണ്. എന്തുകൊണ്ടെന്നാൽ എന്റെ സന്തോഷം മനുഷ്യമക്കളോടുകൂടെയിരിക്കുന്നതാകുന്നു.

.ⴰⵣⵓⵍ ⵜⴰⵏⵎⵔⵜ ⵏ ⵜⵎⴰⵣⵉⵖⵜ ⵏ ⵜⵎⵙⵓⵔⵜ

.ⵉⵣ . ⵎ . ⵉⵣⵔⵉ

ഹാ! ഇതെന്തൊരു സ്നേഹത്തിന്റെ ആശ്ചര്യം! ഒരു ദൈവം മനുഷ്യരെ എത്രത്തോളം സ്നേഹിക്കുന്നു! സർവ്വശക്തനായ ദൈവം— അതായതു് ആകാശം അങ്ങേ സിംഹാസവും ഭൂമി അങ്ങേ പാദപീഠവും മാലാഖമാരുടെ സേനകൾ അങ്ങേ ദാസന്മാരും നക്ഷത്രങ്ങൾ അങ്ങേ കിരീടവും ആയിരിക്കുന്ന ദൈവം— എത്രയും ബോധജ്ഞാനിയായ ദൈവം— അതായതു് അതിശോഭയുള്ള പ്രകാശത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരുന്നുകൊണ്ടു, എത്രയും രഹസ്യങ്ങളായ കാര്യങ്ങൾക്രുടെയും ദർശിക്കയും അത്യന്നതങ്ങളും അഗാധങ്ങളുമായ പ്രദേശങ്ങളിൽപോലും സർവ്വത്ര വ്യാപിക്കയും ചെയ്യുന്ന ഒരു ദൈവം— ആകാശങ്ങളുടെ അത്യുന്നതികളിൽ അടങ്ങാത്തവണ്ണം അളവറവനായ ഒരു ദൈവം— മനുഷ്യനോടുള്ള പക്ഷം മുഖാന്തരം അവനെ വിട്ടുപിരിയാൻ പാടില്ലാത്തവണ്ണം അവന്റെ ഭോജനമായിത്തിരുന്നു!!! ഇപ്രകാരം നമ്മെ സ്നേഹിക്കുന്ന ഒരു ദൈവത്തെ നാം മുഴുഹൃദയത്തോടെ സ്നേഹിക്കാതെ, നീചസൃഷ്ടികളെ സ്നേഹിക്കുന്നതു എത്രയൊ കഷ്ടമായിരിക്കുന്നു!!

ദൃഷ്ടാന്തം.

വിശുദ്ധ ഇനാസിയോസ് ലൊയോള ദിവ്യകാരുണ്യത്തിൻ നേർക്കുള്ള അവർണ്ണനീയമായ സ്നേഹവണക്കംകൊണ്ടു വിളങ്ങിയിരുന്ന ഒരു മഹാത്മാവായിരുന്നു. ഇദ്ദേഹം ദിവ്യപൂജ അർപ്പിക്കയിൽ മുഴുവനും സ്നേഹത്തിൽ ലയിച്ചുപോയിരുന്നതായി തോന്നിയിരുന്നു. ക്രൂശെക്രുടെ വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നവൻ ഘനമായ പാപത്തിൽ വീഴാതിരിക്കുന്നതിനും അതിനുടുത്ത അപകടങ്ങളിൽനിന്നു വേഗത്തിൽ രക്ഷപെടുന്നതിനുമുള്ള ശക്തി പ്രാപിക്കും എന്നുള്ളതു് ഈ ക്രുദാശയുടെ വിശേഷ ഫലങ്ങളിൽ ഒന്നാകുന്നു എന്നു ഈ വിശുദ്ധൻ പറയുമായിരുന്നു.

വിശുദ്ധ പ്രൻസീസ്സോസ് ശവയ്യാർ, പരിശുദ്ധ കുർബാനയുടെ നേർക്കുള്ള സ്നേഹാധിക്യം നിമിത്തം ദിവ്യകാരുണ്യക്കപ്പേളയോടു ഏറ്റവും അടുത്തുള്ള മുറിയിൽ പാർപ്പാൻ കഴിയുന്നതു ശ്രമിച്ചിരുന്നു. മാലാക്കായിൽ ആയിരുന്നപ്പോൾ ശമുയേലിനെപ്പോലെ ദേവാലയത്തിൽതന്നെ രാത്രിയിൽ താമസിക്കയും അതിൽ വലിയഭാഗവും വിശുദ്ധ കുർബാനയുടെ മുമ്പാകെ നമസ്കരിക്കുന്നതിനായി ചിലവഴിക്കയും ചെയ്തുവന്നതായി പല പ്രാവശ്യം കാണപ്പെട്ടിട്ടുണ്ട്.

വിശുദ്ധ പ്രൻസീസ്സോസ് ബോർജിയാ ദിവ്യകാരുണ്യഈശോയുടെനേരെ

ഏത്രമാത്രം സ്നേഹതീഷ്ണതയാൽ ഏരിഞ്ഞിരുന്നു എന്നും ഏത്ര പരിശുദ്ധവും മധുരവുമായുള്ള പക്ഷങ്ങളാൽ തന്നിലോട്ടു ആകഷിക്കപ്പെട്ടിരുന്നു എന്നും ഉള്ളതു വർണ്ണിപ്പാൻ അസാദ്ധ്യമാണ്. ഏതാശ്രമത്തിൽ താമസിച്ചിരുന്നാലും, ദിവ്യകാരുണ്യക്കപ്പേളയുടെ വശത്തു് ഒരു രഹസ്യമുറി ചട്ടംകെട്ടിയിരുന്നു. അവിടെ തന്റെ ജോലിത്തിരക്കിന്റെയിടയിൽ പലപ്പോഴുംപോയിജ്ഞാനാശ്വാസം അനുഭവിക്കയും കർത്താവുമായുള്ള ദൈവിസംഭാഷങ്ങൾകൊണ്ടു് സ്വർഗ്ഗീയ ജീവിതത്തിന്റെ ഒരു പ്രാരംഭമാധുര്യം രസിക്കയും ചെയ്ത പതിവായിരുന്നു. കുറഞ്ഞാൽ ദിവസത്തിൽ ഏഴുപ്രാവശ്യമെങ്കിലും ദിവ്യകാരുണ്യസന്ദർശനം കഴിക്കാതിരുന്നില്ല. എന്നാൽ ഓരോ സന്ദർശനവും കൂടുതൽ അനുകൂലപ്രദവും ഫലസംപൂർണ്ണവുമായി പരിണമിക്കേണ്ടതിലേക്കു ഏതെങ്കിലും ഒരു പുണ്യവാനെക്കൂടെ തന്റെ ഒരു നേതാവും പരിചിതനും എന്ന നിലയിൽ കൂട്ടിക്കൊണ്ടുപോകയും ഓരോ വിശേഷമനോഗ്രണങ്ങളെ അപേക്ഷിക്കയും ചെയ്തിരുന്നു.

തുടരും .

ദശവിധി.

നാലാം പ്രമാണം.

നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക. (പുറ. ൨൦). നാലാംപ്രമാണം, മക്കൾക്കു മാതാപിതാക്കന്മാരുടെനേരെയുള്ള കടമകളെ സ്പഷ്ടമായി കല്പിക്കുന്നുഎന്നുവരികിലും,മാതാപിതാക്കന്മാർ സ്വാഭാവിക പരസ്പരതയുടെ ന്യായത്താൽ തങ്ങളുടെ മക്കളുടെനേരെയുള്ള കടമകളെ അനുഷ്ഠിച്ചുകൊണ്ടു്, തങ്ങൾക്കു വരേണ്ട ബഹുമാനസ്നേഹാദികളെ അർഹിക്കേണ്ടതാകുന്നു.

നാലാം പ്രമാണം, മാതാപിതാക്കന്മാരെ തങ്ങളുടെ മക്കളെ സംബന്ധിച്ചു നിബന്ധിക്കുന്ന സുപ്രധാനമായ കടമ, അവരെ വളർത്തുന്നതിൽ അടങ്ങിയിരിക്കുന്നു. എന്നാൽ വിദ്യാഭ്യാസം, ജാഗരണം, ശാസന, സന്മാതൃക എന്നിവകൾ വളർത്തലിന്റെ അംശങ്ങളാകുന്നു. ൧) വിദ്യാഭ്യാസം– തങ്ങളുടെ കുട്ടികൾക്കു ജ്ഞാനസ്നാനത്തിന്റെ അനുഗ്രഹം ലഭിച്ചുകൊടുത്തശേഷം, ജ്ഞാനസ്നാനത്തിന്റെ സ്വഭാവത്തിനനുസരണമായ ക്രിസ്തീയവിദ്യാഭ്യാസം തങ്ങളുടെകുട്ടികൾക്കു നൽകേണ്ടതു് മാതാപിതാക്കന്മാരുടെ കടമയാകുന്നു. ആകയാൽ അവർക്കു ബുദ്ധിവികാസം ഉണ്ടായാലുടൻ, കുരിശിന്റെ അടയാളം, കർത്താവിന്റെ ജപം (ആകാശങ്ങളിൽ) ആദിയായി ഒരു കൃസ്ത്യാനി അറിയേണ്ട പ്രധാന വേദസത്യങ്ങളെ മാതാപിതാക്കന്മാർ അവരെ പഠിപ്പിക്കണം. ബാല്യപ്രായംമുതൽ അവരെക്കൊണ്ടു ദിവസംപ്രതി പ്രഭാതസന്ധ്യാകാല ജപങ്ങളെ ചൊല്ലിച്ചുകൊണ്ടും, പള്ളിയിലും വേദപഠനത്തിനും അവരെ അയച്ചുകൊണ്ടും, നോമ്പിന്റെ അനുഷ്ഠാനത്തിനു അവരെ അഭ്യസിപ്പിച്ചുകൊണ്ടും തക്ക സമയത്തു പാപസങ്കീർത്തനം, കുർബ്ബാന ആദിയായ ക്രിയാശക്തികളെ ഉത്സാഹപൂർവ്വം കൈക്കൊള്ളുവാൻ അവരെ പഠിപ്പിച്ചുകൊണ്ടും, അവരുടെ ആത്മശുദ്ധതയ്ക്കു ദോഷകരങ്ങളായ എല്ലാറ്റിൽനിന്നും അവരുടെ നിഷ്കളങ്കതയ്ക്കു വെക്കപ്പെടുന്ന എല്ലാ കണികളിൽനിന്നും, അതായതു ദുഷ്ടന്മാരായ ചങ്ങാതിമാർ, ദോഷാവഹങ്ങളായ കളികൾ, ചീത്തപുസ്തകങ്ങളുടെ വായന, നിരീശ്വര പള്ളിക്കൂടങ്ങൾ ഇത്യാദികളിൽനിന്നു് അവരെ രക്ഷിച്ചുകൊണ്ടും, അവരെ ബാല്യപ്രായംമുതൽ പുണ്യത്തിന്റെയും ദൈവഭക്തിയുടെയും അഭ്യാസങ്ങൾക്കു ശീലിപ്പിക്കണം.

൨) ജാഗരണം, ശാസന– വിശേഷിച്ചു തങ്ങളുടെ കുട്ടികളുടെ ജീവിതമുറയെ സശ്രദ്ധം സൂക്ഷിക്കുന്നതും, അവർ തെറ്റുചെയ്യുമ്പോൾ അവരോടു ഉപദേശിക്കുന്നതും പിണങ്ങുന്നതും അവരുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കുന്നതും, ആവശ്യപ്പെട്ടാൽ, വൈദികാധികാരത്തെ അവർ ബഹുമാനിപ്പാൻവേണ്ടി അവരെ ശിക്ഷിക്കുന്നതും മാതാപിതാക്കന്മാരുടെ ബദ്ധകടമയാകുന്നു. എന്നാലും ശിക്ഷ ആവശ്യപ്പെട്ടാൽ അതു് നീതിയുള്ളതും ന്യായാനുസൃതമായതും ആകണം. ക

ദിനത ഭയയാൽ ഏപ്പോഴും പതപ്പെട്ടത്ത പ്പെടണം. അതിക്രമത്തിന്റേയും ക്ഷീണതയുടേയും മദ്ധ്യമമായ സ്ഥിതിയും വേണ്ടതാകുന്നു.

൩) ക്രൂരതയും, ജാഗരണസ്വഭാവവും ശാസനസ്വഭാവവും ഉപദേശത്തിനും പുറമെ, മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കു നല്ല മാതൃക കാണിച്ചുകൊടുക്കണം. ഇതില്ലാഞ്ഞാൽ അവരുടെ വാക്കുകൊണ്ടും ഉപദേശംകൊണ്ടും യാതൊരു പ്രയോജനവുമുണ്ടാകയില്ല. മാതാപിതാക്കന്മാരുടെ ദൈവഭക്തിയിലും, അവരുടെ വാക്കുകളിലും പ്രവൃത്തികളിലും അവർ മക്കൾക്കു ഉപദേശിച്ചു കൊടുക്കുന്നവയുടെ ഒരു ജീവനുള്ള പ്രതിമയെ ഇവർ കാണണം. വിശിഷ്യ, തങ്ങളുടെ കുട്ടികളെ വളർത്തുന്നതിൽ, അവരെ വല്ല തൊഴിൽ അഭ്യസിപ്പിച്ചുകൊണ്ടോ, അല്ലെങ്കിൽ പിന്നീടു അവർ മാന്യമായുള്ളതും ഉചിതമായുള്ളതുമായ ഉദ്യോഗപദം ലഭിക്കുന്നതുവണ്ണം അവരെ വിദ്യ അഭ്യസിപ്പിച്ചുകൊണ്ടോ, മാതാപിതാക്കന്മാർ തങ്ങളുടെ മക്കളുടെ ഭാവിയിൽ താല്പര്യം വെക്കേണ്ടതാകുന്നു. ഈ ജീവിതസ്ഥിതിയെ തെരഞ്ഞെടുക്കുന്നതിൽ, ലോകലാഭത്തേയും ബഹുമാനത്തേയുംമാത്രം നോക്കാതെ, അവക്കു ദൈവത്താൽ നിയോഗിക്കപ്പെട്ട ജീവിതക്രമം ഏതെന്നു കണ്ടെത്തുന്നതിൽ മാതാപിതാക്കന്മാർ അവരെ സൽബുദ്ധി പറഞ്ഞുകൊടുത്തുകൊണ്ടു സഹായിക്കണം. ഇതിന്നുവേണ്ടി അവർ കുട്ടികളുടെ ചായ്ച്ചിലുകളേയും പ്രാപ്തിയേയും പരിശോധിക്കണം. ദൈവത്തോടു പ്രാർത്ഥിക്കയും, ബുദ്ധിയും വിവേകവും ഭക്തിയുമുള്ള ആളുകളോടു ആലോചന ചോദിക്കയും വേണം.

ഇങ്ങനെ പ്രവർത്തിച്ചാൽ അവർ ദൈവത്തിന്റേയോ കുട്ടികളുടേയോ ന്യായാവകാശങ്ങളെ ലംഘിക്കാതെകണ്ടു അവരുടെ ഭാവിയുടെ ക്ഷേമത്തെ ക്രൈസ്തവ മാതാപിതാക്കന്മാർക്കു യോജിക്കുന്നപ്രകാരം വിചാരിക്കും. പ്രത്യുത: ഒരു പുത്രൻ അഥവാ പുത്രി വൈവാഹസ്ഥിതിയിൽ അല്ലെങ്കിൽ വൈദികസന്യാസവൃത്തിയിൽ പ്രവേശിപ്പാൻ നിർബന്ധിച്ചാൽ ഇതു തങ്ങളുടെ പൈതൃകാധികാരത്തെ ദുഷ്പ്രയോഗിക്കയാകുന്നു. ഒരു കുട്ടിയുടെ വിവേകപൂർവ്വം തെരിഞ്ഞെടുക്കപ്പെട്ട ദൈവവിളിപ്പിനെ അനുസരിപ്പാനുള്ള മനസ്സിനെ വിരോധിക്കുന്നതു ദൈവത്തോടു വിരോധിക്കുന്നതുപോലെതന്നെയാകുന്നു. ആകയാൽ പ്രിയ മാതാപിതാക്കന്മാരെ ക്രിസ്തീയ ജീവിതത്തിന്റെ നന്മാതൃകയെ നിങ്ങൾ നിങ്ങളുടെ കുട്ടികൾക്കു കാണിച്ചുകൊടുപ്പിൻ! ദൈവം അവരെ വിളിച്ചിരിക്കുന്ന ആ ജീവിതസ്ഥിതിയിലേക്കു അവരെ നയിപ്പാൻ ദൈവത്തോടു നിങ്ങൾ പ്രാർത്ഥിപ്പിൻ!

ഡി. ൨. ൧൪൨

വന്ദ്യ കൊച്ചുത്രേസ്യാ സഹോദരിയുടെ ചരിത്രസംക്ഷേപം.

(തുടർച്ച)

കൊച്ചുത്രേസ്യായിക്കു ഒരുവയസ്സു പ്രായമായിരിക്കയിൽ ആപൽക്കരമായ ദീനത്തിലുൾപ്പെട്ടെങ്കിലും, ദൈവസഹായത്താൽ സുഖപ്പെട്ടു നല്ല ആരോഗ്യവും ചുണയും ഉള്ള പൈതലായി വളർന്നുവന്നിരുന്നു. ഇവളുടെ മധുരശീലവും ഭക്തിയും ഏവരേയും ആകർഷിച്ചിരുന്നു. പ്രകൃത്യാ കോപത്തിലേക്കു വളരെ ചായ്ഞ്ഞിരുന്ന ഈ ചെറുപൈതൽ "ഈശോയെ സന്തോഷിപ്പിക്കുവാൻവേണ്ടി" തനിക്കു സ്വന്തമായ വല്ല വസ്തുക്കളും തന്നിൽനിന്നു് എടുക്കപ്പെടുന്നതിനു ധൈര്യത്തോടെ അനുസരിച്ചിരുന്നു. മാത്രമല്ല, സ്വാഭാവികമായി നിഗളവും സ്വേച്ഛാബലവും ഉള്ളവളായിരുന്നെങ്കിലും, തന്നോടു തന്നെ ബലം പ്രയോഗിച്ചുകൊണ്ടു് ഓരോ കളിവിനോദാദികളിൽ തന്റെ സഹോദരികൾ ജയിക്കുന്നതിനും മറ്റും സമ്മതിച്ചുകൊടുക്കയും ചെയ്തിരുന്നു.

ഈ പ്രായത്തിൽ തന്നെ തന്റെ ബോധത്തിനു ഒരുവിധം നല്ല ദൃഢത വന്നു. സൃഷ്ടിയിൽ കാണപ്പെടുന്ന വൃക്ഷങ്ങൾ, പുഷ്പങ്ങൾ, നദികൾ മുതലായവയുടെ ഭംഗിയും പ്രത്യേകം ആകാശത്തിന്റെ മനോഹാരിതവും തന്റെ ബോ

ധത്തിൽ ശക്തിയായി പതിഞ്ഞിരുന്നപ്രകാരംപ്രത്യക്ഷപ്പെട്ടിരുന്ന സഹ്ഗീയഭാഗ്യത്തെക്കുറിച്ചു കേൾക്കുന്നതു നമ്മുടെ കൊച്ചുത്രേസ്യായിക്കു വളരെ സന്തോഷകരമായ ഒരു കാര്യമായിരുന്നു. ഇപ്രകാരം ഒരിക്കൽ അവളുടെ അമ്മ നീതിമാന്മാർക്കു സഹ്ഗത്തിൽ ദൈവം ആസ്ഥമാക്കിയിരിക്കുന്ന ഭാഗ്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ 'എന്റെ വാത്സല്യ അമ്മെ, നീ മരിക്കുന്നതിനു ഞാനെന്തെയൊ ആഗ്രഹിക്കുന്നു' എന്നു് അമ്മയെ മുത്തിക്കൊണ്ടു പറകയുണ്ടായി. അപ്പോൾ അമ്മ നമ്മുടെ കൊച്ചുത്രേസ്യായെ ശാസിക്കയിൽ 'അതു അമ്മ വേഗം മോക്ഷത്തിൽ പോകുവാൻ വേണ്ടിയാണു്; അതിനു മരിച്ചാലെ സാധിക്കയുള്ളു എന്നല്ലെ അമ്മ പറഞ്ഞിരിക്കുന്നതു്' എന്നു് ആശ്ചര്യഭാവത്തിൽ മറുപടി പറഞ്ഞു.

നമ്മുടെ പുണ്യവതിക്കു മൂന്നുവയസ്സു പ്രായമായിരിക്കയിൽ ഒരു ദിവസം തന്റെ അമ്മയെ നോക്കി 'ഞാൻ സഹ്ഗം പ്രാപിക്കുമൊ' എന്നു ചോദിച്ചാറെ 'നീ നല്ലവളാണെങ്കിൽ പ്രാപിക്കും' എന്നു് അമ്മ മറുപടി പറഞ്ഞു. അതിനു കൊച്ചുത്രേസ്യാ 'അപ്പോൾ ഞാൻ നല്ലവളല്ലെങ്കിൽ എന്താ നരകത്തിൽ പോകുമൊ? അങ്ങനെയെങ്കിൽ എന്താണു ചെയ്യേണ്ടതു് എന്നെനിക്കറിയാം; ഞാൻ സഹ്ഗത്തിലേക്കു പറന്നുവന്നു് അമ്മയുടെ കരങ്ങളിന്മേൽ ഉറപ്പായി പിടിച്ചിരിക്കും. അപ്പോൾ ദൈവം എങ്ങനെ നിന്നിൽനിന്നു് എന്നെ വേർപെടുത്തും' എന്നുത്തരിക്കയും ചെയ്തു. ഈ പ്രായത്തിൽ തന്നെ നമ്മുടെ കൊച്ചുത്രേസ്യാ, താൻ ചെയ്ത ഓരോ നിസ്സാരകുറ്റങ്ങളെ- ദുഷ്ടാന്തമായി "ഞാൻ ജേഷ്ഠത്തിയെ തള്ളി, അവളെ ഒന്നടിച്ചു" എന്നിപ്രകാരമുള്ളവയെ-മാതാപിതാക്കന്മാരുടെപിറകെ നടന്നു അനുസരിച്ചുപറഞ്ഞുകൊണ്ടു ക്ഷമായാചനം ചെയ്യിരുന്നു. എന്നുമാത്രമല്ല, തന്റെ വചനത്തിലൊ പ്രവൃത്തിയിലൊ എന്തെങ്കിലും മാതാപിതാക്കൾക്കു നീരസം ജനിപ്പിച്ചു എന്നറിഞ്ഞാൽ അധികമായി കരഞ്ഞിരുന്നതുകൂടാതെ, വളരെ മനസ്താപത്തോടെ അവരോടു പൊറുതി അപേക്ഷിച്ചു് അതിനെ അവർ ക്ഷമിച്ചു എന്നുള്ള ഭാവം കാണിച്ചല്ലാതെ തൃപ്തിപ്പെടുകയില്ലായിരുന്നു.

എന്നാൽ ഈ പുണ്യവതി കമ്മെല സഭയിൽ പ്രവേശിച്ചശേഷം തന്റെ മരണത്തിനു അല്പംമുമ്പു ശ്രേഷ്ഠത്തിയുടെ കല്പനപ്രകാരം എഴുതിയുണ്ടാക്കിയ സ്വന്തജീവചരിത്രത്തിൽ, തനിക്കു മൂന്നുവയസ്സു പ്രായമായിരിക്കയിൽ തുടങ്ങിയുള്ള സകല വികാരങ്ങളേയും പ്രവൃത്തികളേയും ഓർമ്മയിൽ വന്നതുപോലെ വളരെ നിഷ്കൃപടതയോടെ വിവരിച്ചിരിക്കയാൽ അതുതന്നെ കേൾക്കുന്നതു വായനക്കാർക്കു അധിക സന്തോഷകരമായിരിക്കുമെന്നു കരുതി അവളുടെ വാക്കുകളെത്തന്നെ മേലിൽ ഉപയോഗിക്കുന്നതാണു്. അവൾ ഇപ്രകാരം പറയുന്നു: "ഞാൻ ശിശുപ്രായത്തിൽ വളരെ ദുശ്ശാഠ്യമുള്ളവളായിരുന്നു. ഇതിനാൽ ആ സമയത്തു് എന്റെ അമ്മയുടെ ഒരു ലിഖിതത്തിൽ പറഞ്ഞിരിക്കുന്നതായതു്: "സെലീൻ (കൊച്ചുത്രേസ്യായുടെ ഒരു ജേഷ്ഠത്തി) പുണ്യത്തിനു വളരെ ആകർഷണമുള്ളവളാണു്. എന്നാൽ ത്രേസ്യാ എങ്ങനെ ആയി ഭവിക്കുമെന്നു പറവാൻ പാടില്ല. അവൾ വളരെ സൂക്ഷ്മംകുറഞ്ഞവളാണു്; അവളുടെ വാശിയൊ ഒരുവിധം ജയിക്കപ്പെട്ടുവാൻ വഹിയാത്തതുതന്നെ. അവൾ വല്ല കാര്യത്തെക്കുറിച്ചും 'ഇല്ല' എന്നു പറഞ്ഞാൽ പിന്നീടു യാതൊന്നുകൊണ്ടും അതിനെ മാറുകയില്ല."

"ഇതുകൂടാതെയും ആ പ്രായത്തിൽ വേറൊരു കുറവും എന്നിലുണ്ടായിരുന്നു; അതു് അമിതമായ സ്വസ്നേഹമത്രെ ആയിരുന്നതു്. ഒരു ദിവസം എന്റെ അമ്മ – എന്റെ നിഗളം എത്രത്തോളം ഉണ്ടെന്നു് അറിവാൻവേണ്ടിയായിരിക്കും– മന്ദസ്മിതത്തോടെ എന്നെ നോക്കി "ത്രേസ്യായെ! നീ ഒന്നു നിലംമുത്തിയാൽ ഒരു അത്ഭുതം തരാ"മെന്നു പറഞ്ഞു. അക്കാലത്തിൽ ഇതൊരു വലിയ നിക്ഷേപമായിരുന്നു; എന്നു മാത്രമല്ല എന്റെ കൊച്ചുശരീരത്തിനു അതു വളരെ പ്രയാസമുള്ള കാര്യവുമല്ലായിരുന്നു. എന്റെ നിഗളംനിമിത്തം ഞാൻ അല്പംകൂടെ നിന്നിൽനിന്നു 'വളരെ ഉപകാരം അമ്മെ,

എനിക്കതു കിട്ടണമെന്നില്ല' എന്നു പറഞ്ഞു പോകയാണുണ്ടായത്.

൨൦൫൨ . ൨ . ൨൫

ഈശോസഭയുടെ പൊതുശ്രേഷ്ഠന്റെ തെരഞ്ഞെടുപ്പ്.

ഈ സഭയുടെ വിശ്രുത പൊതുശ്രേഷ്ഠനായിരുന്ന ഫാദർ വെൺസ് അവർകൾ കുറെ മുമ്പു പരലോകപ്രാപ്യനായ വൃത്താന്തം വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിലേക്കായി താമസിയാതെ കൂടുവാനിരിക്കുന്ന പ്രസ്തുത മഹാസഭയുടെ പൊതുസംഘത്തേയും അതിന്റെ നടപടികളേയും പറ്റി ചില വിവരങ്ങൾ ഇവിടെ ചേർക്കുന്നതു് വായനക്കാർക്കു രസാവഹമായിരിക്കുമെന്നു് വിശ്വസിക്കുന്നു. അടുത്തു നടക്കുവാനിരിക്കുന്നതു്, ഈശോസഭയുടെ ഇരുപത്തൊന്നാമത്തെ പൊതുസംഘമാണു്. ഈ സംഘത്തിൽ സഭയുടെ ഓരോ പ്രദേശങ്ങളിൽനിന്നും ഈ രണ്ടു പ്രതിനിധികളും പ്രാദേശികശ്രേഷ്ഠനും ചേരുന്നതും അങ്ങനെ ആകെ എഴുപതു അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണു. സംഘത്തിന്റെ ഒന്നാമത്തെ ജോലി ഒരു കായ്ദശ്ശിയെ തെരഞ്ഞെടുക്കുന്നതാണു്. രണ്ടാമത്തെ ജോലി, മേലിൽ സഭയ്ക്കു ഹാനികരങ്ങളായിപരിണമിക്കാവുന്ന സംഗതികളെ കണ്ടുപിടിച്ചു അവയുടെ ഒരുപട്ടിക തയ്യാറാക്കുന്നതിനു ഒരു പ്രത്യേക കമ്മിട്ടിയെ തെരഞ്ഞെടുക്കുകയാണു്. ഈ കമ്മട്ടിക്കാരുടെ മുമതല, പൊതുശ്രേഷ്ഠസ്ഥാനാർഹന്മാരായി ഗണിക്കപ്പെടുന്ന ആളുകളുടെ യോഗ്യതകൾ ഒരു ഭാഗത്തും, സഭയ്ക്കു ഭാവിയിലുണ്ടാകാവുന്ന അപകടങ്ങളെ മുമ്പുശത്രുംവച്ചു താരതമ്യപ്പെടുത്തിനോക്കിയിട്ടു്, ആ വിവരം തെരഞ്ഞെടുപ്പുകാരെ ഗ്രഹിപ്പിക്കുന്നതാകുന്നു. ഈ വിവരം കിട്ടുവനായി അവർ നാലു ദിവസം ചെലവഴിക്കുന്നതാണു്. തെരഞ്ഞെടുപ്പു പാട്ടുണ്ടെങ്കിൽ ദൈവജനനിയുടെ ഏതെങ്കിലും ഒരു തിരുനാളിലായിരിക്കും. അന്നേ ദിവസം സഭയുടെതാൽക്കാലിക ശ്രേഷ്ഠൻ (Vicar) രഹസ്യക്കുർബ്ബാനയർപ്പിച്ചു ദിവ്യപൂജ അർപ്പിക്കുകയും തെരഞ്ഞെടുപ്പുകാർ അദ്ദേഹത്തിന്റെ കയ്യിൽനിന്നു വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുകയും ചെയ്യും. ദിവ്യപൂജയുടെശേഷം ഗായകസംഘം 'താലാക്കൂഹാ' എന്ന സംഗീതം പാടുമ്പോൾ അവർ തെരഞ്ഞെടുപ്പുശാലയിലേക്കു പ്രദക്ഷിണമായി പോകുന്നു. അവിടെ ചെന്നെത്തിയശേഷം, ഗായകസംഘം പ്രാർത്ഥനാലയത്തിലേക്കു തിരിച്ചു ചെന്നു തെരഞ്ഞെടുപ്പു പര്യവസാനിക്കുന്നതുവരെ, സ്തുതനിയാക്കളും മറ്റു സംഗീതങ്ങളും പാടിക്കൊണ്ടിരിക്കുന്നതാണു്. ഇതിനിടയ്ക്കു തെരഞ്ഞെടുപ്പുകാരുടെ ശാലയിൽ അവരുടെ ഭക്ഷണത്തിനായി ധാരാളം അപ്പവും വെള്ളവും മാത്രം തയ്യാറാക്കിവെച്ചശേഷം, അവരുടെ ശാല പൂട്ടിക്കളകയും ചെയ്യുന്നു. അനന്തരം അവരിൽ ഒരാൾ പ്രസംഗപീഠത്തിൽ കയറി ദൈവസഹായം അപേക്ഷിച്ചശേഷം, പൊതുശ്രേഷ്ഠനിൽ അവശ്യം വെണ്ടതായ ഗുണലക്ഷണങ്ങളെപ്പറ്റിയും തെരഞ്ഞെടുപ്പുകാർ തങ്ങളുടെ മുമതലയുടെ ഉത്തരവാദത്തെക്കുറിച്ചു ഗാഢമായി ഗ്രഹിക്കേണ്ട കടമയെപ്പറ്റിയും വിവരിക്കുന്നതായ ഒരു ഉപദേശപ്രസംഗം വായിക്കുന്നു. പിന്നെ ഒരു മണിക്കൂറുനേരത്തേക്കു അവർ ധ്യാനിക്കുകയും തെരഞ്ഞെടുപ്പാരംഭിക്കുയും ചെയ്യുന്നു. തെരഞ്ഞെടുപ്പുകാരിൽ ഓരോരുത്തരും അവരവർ തെരഞ്ഞെടുത്തിരിക്കുന്ന ആളിന്റെ പേരു വ്യക്തമായി ഒരു കടലാസിൽ എഴുതുന്നു. അതിന്റെശേഷം സംഘത്തിന്റെ കായ്ദശ്ശി ഓരോരുത്തരെ തവണയനുസരിച്ചു വിളിച്ചു, "അച്ചാ താങ്കളുടെ കുറി ഈശോയുടെ നാമത്തിൽ ഇട്ടുക" എന്നു പറയുന്നു. അപ്പോൾ വിളിക്കപ്പെട്ടയാൾ ബലിപീഠത്തിനു അടുത്തുചെന്നു തുങ്ങപ്പെട്ട സത്രുപത്തിൻ മുമ്പാകെ മുട്ടുകുത്തി, സ്ലീവായുടെ അടയാളം തന്റെമേൽ തന്നെ വരച്ചു, "ഈശോസഭയുടെ പൊതുശ്രേഷ്ഠനായി തൽസ്ഥാനത്തിനു എതുമായും അർഹനായി എനിക്കു തോന്നുന്ന അച്ചനെ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു എന്നുള്ളതിനു നിത്യ

ജ്ഞാനമായ ഈശോമ്ശിഹായെ ഞാൻ സാക്ഷിയായി വിളിക്കുന്നു" എന്നു ഉച്ചത്തിൽ പറഞ്ഞുകൊണ്ടു കുറിയിടുന്നു. ഇങ്ങനെ എല്ലാവരും ചെയ്യുകഴിയുമ്പോൾ കുറികൾ എല്ലാം എണ്ണിനോക്കുകയും അധികം കുറി കിട്ടിയ ആൾ പൊതുശ്രേഷ്ഠനായി തെരഞ്ഞെടുക്കപ്പെടുകയും ഇപ്രകാരം തെരഞ്ഞെടുപ്പു അവസാനിക്കയും ചെയ്യുന്നു. (ന. ടീ.)

ദിവ്യരക്ഷകന്റെ മറുപടി.

ഒരിക്കൽ ദിവ്യരക്ഷിതാവ് വിശുദ്ധ ജെർത്രൂദിനു പ്രത്യക്ഷനായപ്പോൾ പുണ്യവതി, അങ്ങയോടു, ഹാ! എന്റെ ഏകശരണവും എന്റെ ആത്മാവിന്റെ രക്ഷയുമായ കർത്താവെ! അങ്ങേക്കു എത്രയും കൈപ്പുനിറഞ്ഞതും എനിക്കു ഏറ്റവും രക്ഷാകരവുമായ അങ്ങേ പങ്കപ്പാടിനെക്കുറിച്ചു പ്രതിനന്ദിയായി അല്പമായിട്ടെങ്കിലും ഒരു നന്മചെയ്വാൻ പാടുണ്ടെങ്കിൽ അതു എന്താണെന്നു എന്നോടു അരുളിച്ചെയ്യണമെ എന്നു അപേക്ഷിച്ചു. അതിനു ദിവ്യഗുരു അരുളിച്ചെയ്തമറുപടി ഇപ്രകാരമായിരുന്നു.

൧. ഒരുവൻ സ്വന്തലാഭത്തേക്കാൾ അധികം മറ്റൊരുവന്റെ ലാഭത്തെ അന്വേഷിക്കുമ്പോൾ, ഞാൻ കാരാഗൃഹത്തിൽവച്ചു സഹിച്ച കഷ്ടപ്പാടുകൾക്കു അവൻ പരിഹാരം ചെയ്യുന്നു.

൨. അവൻ സ്വന്തകുറ്റം താഴ്മയോടെ അറിഞ്ഞുസമ്മതിച്ചു ഏൽക്കുമ്പോൾ, ഞാൻ ഒന്നാം മണിക്കു കള്ളസാക്ഷികളാൽ കുറ്റം ചുമത്തപ്പെടുകയും മരണശിക്ഷയ്ക്കു യോഗ്യനായി വിധിക്കപ്പെടുകയും ചെയ്തതിനു പരിഹാരം ചെയ്യുന്നു.

൩. അവൻ സന്തോഷകരങ്ങളായ വിഷയങ്ങളിൽനിന്നു അവന്റെ ഇന്ദ്രിയങ്ങളെ അടക്കുമ്പോൾ, ഞാൻ മൂന്നാം മണിക്കു ചെട്ട അടികൾക്കു പരിഹാരം ചെയ്യുന്നു.

൪. ദുശ്ശീലക്കാരനായ ഒരു ശ്രേഷ്ഠനു കീഴ്വഴങ്ങുമ്പോൾ എന്റെ മുൾമുടിയുടെ വേദനയെ കുറയ്ക്കുന്നു.

൫. അന്യരാൽ അന്യായമായി ഉപദ്രവിക്കപ്പെട്ടിട്ടും അവനോടു ഒന്നാമനായി മാപ്പപേക്ഷിക്കുമ്പോൾ ഞാൻ കുരിശു ചുമന്നതിനു പരിഹാരം ചെയ്യുന്നു.

൬. മറുള്ളവർക്കു ഉപവിപ്രവൃത്തി ചെയ്യുന്നതിൽ അവന്റെ ശക്തിയെ മിക്കവാറും കവിയുമ്പോൾ ആറാംമണിക്കു അവർ എന്നെ കുരിശിന്മേൽ കിടത്തിയിട്ടു എന്റെ കൈകാലുകളെ വലിച്ചു നീട്ടുകയിൽ ഞാൻ സഹിച്ച അത്യുഗ്രമായ പീഡകൾക്കു പരിഹാരം ചെയ്യുന്നു.

൭. ഒരു പാപത്തെ തടുക്കുന്നതിൽ വച്ചുണ്ടാകാവുന്ന ദുഃഖമാകട്ടെ ആക്ഷേപമാകട്ടെ ക്ലേശമാകട്ടെ കൂട്ടാക്കാതിരിക്കുമ്പോൾ, ഒമ്പതാം മണിക്കു ഞാൻ ലോകരക്ഷക്കായി സഹിച്ച എന്റെ മരണത്തിനു പരിഹാരം ചെയ്യുന്നു.

൮. അധിക്ഷേപിക്കപ്പെടുകയും താഴ്മയോടെ മറുപടിപറകയും ചെയ്യുമ്പോൾ, എന്നെ കുരിശിൽനിന്നു ഇറക്കുവെണ്ണമാണചെയ്യുന്നതു്.

൯. തന്റെ അയൽക്കാരനെ തന്നെക്കാൾ കാര്യമായി വിചാരിക്കയും ബഹുമാനത്തിനാവട്ടെ മറേതെങ്കിലും നന്മയ്ക്കാവട്ടെ തന്നെക്കാൾ ഏറ്റവും പാത്രവാനായി അവനെ കരുതുകയും ചെയ്യുമ്പോൾ, എന്റെ കവാടക്കത്തിനു പരിഹാരം ചെയ്യുന്നു."

ജ്ഞാപനം— യൂദന്മാരുടെ മുറയ്ക്കു കാലത്തു ഒന്നാംമണി നമ്മുടെ ആറു മണിക്കു സമമാകുന്നു.

4വുൻ . 2

കുബ്പാന കഴിഞ്ഞുള്ള പ്രാർത്ഥനകൾ എപ്പോൾ ഉപേക്ഷിക്കാം?

ഒറ്റകുബ്പാനയുടെശേഷം ചൊല്ലേണ്ടതായി ലൂ-ാം ലെയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുള്ള ജപങ്ങളുടെ വിഷയത്തിൽ ഇൻഡ്യയിൽ ഐകരീത്യം ഇല്ലാതെയാണ് ഇരിക്കുന്നതു്. ചില പട്ടക്കാർ ഞായറാഴ്ച വികാരി കുബ്പാന കഴിഞ്ഞു അതു ചൊല്ലുന്നു;

ചിലർ ഉപേക്ഷിക്കുന്നു. ഇവരിൽ ആരാണ് ശരിയായി പ്രവർത്തിക്കുന്നത്? ആരാണ് തെറ്റു ചെയ്യുന്നത്? എന്നു താഴെ കാണുന്ന നിർണ്ണയങ്ങളിൽനിന്നു തെളിയുന്നതാണ്. പല മെത്രാന്മാർ ഈ സംഗതി ബന്ധിച്ചു ചോദിച്ചതിൽ തിരുസഭയുടെ ആവശ്യങ്ങളെ ഉദ്ദേശിച്ചു എല്ലാ ഒറ്റ കുർബാനകളുടേയും അവസാനത്തിൽ ചൊല്ലേണ്ടതായി ലേയോൻമാപ്പാപ്പാ നിശ്ചയിച്ചിട്ടുള്ള പ്രാർത്ഥനകൾ (ക) കുർബാനയോടുകൂടി വല്ല ആഘോഷങ്ങൾ നടക്കുമ്പോഴും, (ഖ) കുർബാന കഴിഞ്ഞു പട്ടക്കാരൻ ത്രോണോസ് വിട്ടുപോകുന്നതിനുമുമ്പായി വല്ല ഒരു കർമ്മം നടത്തപ്പെടുകയോ വല്ല പ്രാർത്ഥനകളും ചൊല്ലപ്പെടുകയോ ചെയ്യുമ്പോഴും, ഉപേക്ഷിക്കപ്പെടാം എന്നു റീത്തുകളുടെ തിരുസംഘം (The Sacred Congregation of Rites) ഉത്തരിക്കയുണ്ടായി എന്നു വി. അന്തോനിയുടെ മാസിക (St. Anthony's Messenger) പ്രസ്താവിക്കുന്നു. ഒന്നാമത്തെ സന്ദർഭം കൊണ്ടു എന്തെല്ലാമാണ് സൂചിപ്പിക്കുന്നതു എന്നുള്ളതിനെപ്പറ്റി അഭിപ്രായ വ്യത്യാസമുണ്ട്. പാസ്റ്റെറാൽബ്ബ് ളാറ്റു (Pastoral- Blatt of St. Louis) പറയുന്ന വ്യാഖ്യാനം വളരെ സ്വീകാര്യമായി തോന്നുന്നു. അതിനെ അനുസരിച്ചു കുർബാനയുടെ ശേഷമുള്ള പ്രാർത്ഥനകൾ (ക) കുർബാന സമയത്തു സംഗീതങ്ങൾ പാടുകയോ, ഉയർന്ന സ്വരത്തിൽ പ്രാർത്ഥനകൾ ചൊല്ലപ്പെടുകയോ, (ഖ) കുർബാന സമയത്തു പ്രസംഗമോ, ഉപദേശമോ നടത്തുകയോ, (ന) അധികം ആളുകൾ കൂട്ടമായിട്ടു കുർബാന ഉൾക്കൊൾവാൻ പോകയോ, (ഘ) കുർബാന സമയത്തു പട്ടം കൊടുക്കപ്പെടുകയോ, (ങ) കുർബാന കഴിഞ്ഞു വി. കുർബാന എഴുന്നെള്ളിച്ചു കൊടുക്കയോ, കുർബാനയുടെ വാഴ്വു നൽകപ്പെടുകയോ, പൊതുവായ ഏതെങ്കിലും ഭക്തികൃത്യം നടത്തപ്പെടുകയോ ചെയ്യുമ്പോൾ ഉപേക്ഷിക്കാവുന്നതാണ്. ഈഡിക്രി പ്രസിദ്ധികരിക്കപ്പെടുന്നതിനു മുമ്പായി തന്നെ യൂറോപ്പിലെ എല്ലാ സ്ഥലങ്ങളിലും ഇറ്റലിയിൽ തന്നെയും ഈവിധ സന്ദർഭങ്ങളിൽ കുർബാനയുടെ ശേഷമുള്ള പ്രാർത്ഥനകൾ ഉപേക്ഷിക്കപ്പെട്ടകയായിരുന്നു പതിവു് എന്നു പാസ്റ്റോറൽ ബ്ബ് ളാറിന്റെ പത്രാധിപർ പ്രസ്താവിക്കുന്നു.

Examiner June 20, 1914.



തിരുഹൃദയ ഭക്തന്മാർ

ഫൻഫ ധനുമാസത്തിൽ വെക്കേണ്ട

പൊതുക്കുറുതൽ.

"വേദപഠനം."

ഈ കാലങ്ങളിൽ ഉയർന്തരം ശാസ്ത്രവിദ്യകൾ അഭ്യസിച്ചവർ അനേകം പേരുണ്ടു. എന്നാൽ അവരിൽചിലരുടെയും മനചാഞ്ചില്യകളും അഭിപ്രായങ്ങളും പഠിപ്പില്ലാത്തവരുടേതിനെക്കാൾ മോശമെന്നു വ്യസനസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള കാരണം ഉയർന്തരം പഠനമാകുന്നൊ? ഒരുനാളും അല്ല. ഇതിനുള്ള കാരണം, സൂക്ഷ്മമുള്ള പഠനം ഇല്ലാതെ ബാഹ്യമായ അറിവുമാത്രം സമ്പാദിക്കുന്നതിനു ഉദ്യമിക്കുന്നതാകുന്നു. ഏറ്റവും സാരമേറിയ അറിവു, തന്നെ സൃഷ്ടിച്ച സൃഷ്ടാവിനേയും അങ്ങേയോടും തങ്ങളുടെ സമസൃഷ്ടികളോടും തങ്ങളോടു തന്നെയും ഉള്ള കടമകളേയും അറിയുന്ന ജ്ഞാനമാകുന്നു. ഈ അറിവില്ലായ്മയാൽ അത്രെ ഈ നാശങ്ങളെല്ലാം വന്നുകൂടിയിരിക്കുന്നതു്. മേൽപ്രസ്താവിച്ച സാക്ഷാലുള്ള ജ്ഞാനം ക്രൂടാതെ ഓരോ സൂത്രങ്ങളേ കണ്ടു പിടിക്കുന്നതിനുള്ള ബാഹ്യമായ അറിവുമാത്രം സമ്പാദിക്കുന്നതിനു ശ്രമിക്കുന്നതായാൽ, ഇപ്പോൾ യൂറോപ്പുദേശത്തു നടക്കുന്നതുപോലെ സമസ്ത

ഷ്ടികളുടെ നാശത്തിനുപകരിക്കുമാത്രമെ ചെയ്യുയൊള്ളു.

ആകയാൽ സാക്ഷാലുള്ള അറിവിനെ നമുക്കു നൽകുന്ന വേദപഠനം മേൽക്കുമേൽ വർദ്ധിച്ചുവരുന്നതിനായി തിരുഹൃദയഭക്തന്മാർ പ്രത്യേകം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ലോകവർത്തമാനച്ചുരുക്കം.

കോട്ടയം വികാരിയച്ചനായിരുന്നപ്പോൾ നിർമ്മിക്കപ്പെട്ട മാർ അലക്സാണ്ടർ അവർകളുടെ മെത്രാൻപട്ടാഭിഷേകകർമ്മം, ഇക്കഴിഞ്ഞ നവമ്പർ ഫസ്റ്റ്-ഞായറാഴ്ച കാണ്ടി ഭദ്രാസന ദേവാലയത്തിൽവച്ചു എത്രയും മംഗളമായി കഴിഞ്ഞുകൂടിയിരിക്കുന്നു. അഭിഷേകകർമ്മത്തിന്റെ പ്രധാനകാർമ്മികൻ അ. ഉ. ദലഗാദപ്പോസ്തോലിക്കാ അവർകളായിരുന്നു. മംഗലപുരം മെത്രാനവർകൾ, കാണ്ടി മെത്രാനവർകൾ മുതലായ മഹാന്മാരും ഇതിൽ സംബന്ധിച്ചിരുന്നു. പട്ടാഭിഷേകം കഴിഞ്ഞശേഷം, ഫസ്റ്റ്- മാർ അലക്സാണ്ടർ മെത്രാനവർകൾ കാണ്ടി മാത്തോമ്മാ മലയാള സമാജത്തിന്റെ ഫ്രഞ്ചുമത്തെ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു പ്രസംഗിക്കയുണ്ടായി. കാണ്ടിയിൽനിന്നു ഇങ്ങോട്ടുള്ള മടങ്ങിയാത്രയിൽ അദ്ദേഹം ഗോൾ മെത്രാനവർകളുടെ ക്ഷണമനുസരിച്ചു ഗോളിൽ ഒരു ദിവസം താമസിച്ചു. അനന്തരം തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ് സന്ദർശിക്കയും സ്കൂൾകാർ ഇദ്ദേഹത്തിനു മംഗളപത്രം സമർപ്പിക്കയും ചെയ്തു. കോട്ടയം മിസ്സംകാരുടെ പരസ്യമായ പ്രതിരോൽപ്പു ഫസ്റ്റ്-യായിരുന്നു. അന്നേദിനം ഫ്രഞ്ചുമണിയോടെ മെത്രാനച്ചൻ കയറിയിരുന്ന ബോട്ടു, മൂന്നു മുണ്ടൻവള്ളങ്ങളുടെയും അനേകം ഓടിവള്ളങ്ങളുടെയും അകമ്പടിയോടുംകൂടി കോട്ടയം എടുത്തുപള്ളിക്കടവിൽ അടുത്തു. അവിടെവച്ചു വികാരിജനറാൾ മൊൺസിഞ്ഞോർ ക്രൂപ്പിക്കാട്ട അവർകൾ മെത്രാനച്ചനെ സാദരം സ്വീകരിച്ചു.

അതിന്റെശേഷം കോട്ടയം മിസ്സത്തിലെ വൈദികരുടെയും ജനങ്ങളുടേയും വകയായും, കോട്ടയത്തെ കത്തോലിക്കാ വക്കീൽ സംഘക്കാരുടെ വകയായും ഓരോ മംഗളപത്രം മെത്രാനച്ചനു സമർപ്പിക്കപ്പെടുകയും അതുകൾക്കു അദ്ദേഹം സമുചിതമായ മറുപടി പറകയും ചെയ്തു. മാർ അലക്സാണ്ടർ മെത്രാനച്ചനു സർവ്വമംഗളങ്ങളും ദൈവം നൽകട്ടെ!

ഒരു മംഗളഗാനം.

(ജീവനായകനാകുമീശോയെ എന്ന മട്ടിൽ)

ദൈവമേ തവകാരുണ്യക്കണ്ണാൽ
നോക്കേണമിപിതാവിനെ,
പതിനഞ്ചാം ബെനഡിക്തോസാകും
പുതിയ ശുദ്ധ പാപ്പായെ. (ദൈവമേ)

കർദ്ദിനാൾ ദെള്ളക്വേസ എന്നുള്ള
നാമമാറ്റി പതിനഞ്ചാം,
ബെനഡിക്തെന്ന പേരെടുത്തുടൻ
വാഴുന്ന പത്രോസിൻസ്ഥാനേ. (ദൈവമേ)

സർവ്വശക്തൻ തനിക്കൊത്തൊരാളെ
തൻപ്രതിനിധിയാക്കിനാൻ,
ഉയർത്തി മറ്റു അഗ്രഗണ്യരാം
കർദ്ദിനാളന്മാരിൽനിന്നു. (ദൈവമേ)

സാക്ഷാലിറ്റലിയിൽ പെല്ലി എന്ന
സ്ഥലത്തിൽ സുപ്രസിദ്ധമാം,
പ്രഭുവംശമാകും ദെള്ളക്വേസ
കുടുംബത്തിങ്കൽ ജാതനായ്. (ദൈവമേ)

ഉൽകൃഷ്ട വിദ്യാഭ്യാസങ്ങളെല്ലാം
ഭംഗിയിൽ ചെയ്തശേഷമേ,
ഡോക്ടർബിരുദം താമസംവിന
കൈക്കലാക്കി മഹാമതി. (ദൈവമേ)

മൊൺസിഞ്ഞോർ ദെള്ളക്വേസയിലുള്ള
ഭക്തിരാജതന്ത്രം നയം,
ഭാവഭേദനീയ ഗുണങ്ങൾകണ്ടും
ശുദ്ധ പത്താംപീയൂസ് പാപ്പാ. (ദൈവമേ)

സ്നേഹാദരങ്ങളാൽ പൂർവ്വീകമാം
നടപ്പുവിട്ടു സഹസ്രാൽ,
മെത്രാൻപട്ടാഭിഷേകം ചെയ്തുടൻ
ബൊളോഞ്ഞതിരൂപതിയിൽ. (ദൈവമേ)

മെത്രാപ്പോലീത്താ ആയി വാണതേ
തൽസ്ഥാനേ ഏഴുവത്സരം,
ശ്ലാഘ്യമായ് ഭരിച്ചു തൽരൂപത
നമ്മുടെ വന്ദ്യപിതാവു. (ദൈവമേ)

അത്യുന്നത കർദ്ദിനാൾസ്ഥാനവും
ലഭിച്ചു ധീമാൻമെല്ലിക്കു,
ഏകാധിപാണ്ഡ തലവനായി
കിരീടം ശിരസ്സിൽവെച്ചു. (ദൈവമേ)

യുദ്ധഭയങ്കരത്താൽ ലോകത്തെ
ഇളക്കിമറിക്കും നാളിൽ,

കരുണാവാരിധിയാം ദൈവമേ
ലോകത്തെ സമാധാനത്തിൽ. (ദൈവമേ)
ഭരിപ്പാനീ ദിവ്യപിതാവിനെ
സദാ രുണച്ചീടേണമേ
വിശുദ്ധ മാപ്പാപ്പാ ചിരകാലം,
സുഖമാംവണ്ണം വാഴട്ടേ. (ദൈവമേ)

ടി. പി. ഇഗ്നാഷ്യേസ്.

വിശുദ്ധ കുബ്ബാനയുടെ സ്ഥിരീകരണം ഇപ്പോൾ നാടൊട്ടുക്കു പ്രതിദിനം പ്രചരിച്ചു കൊണ്ടാണല്ലൊ ഇരിക്കുന്നതു്. ഇതിൻപ്രകാരം മുത്തോലി ആശ്രമദേവാലയത്തിലും ഈ ഭക്തികൃത്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു് താഴെ കുറിക്കുന്ന സംഖ്യകൾകൊണ്ടു കാണാവുന്നതാണു്. ഫൻഫറ–ൽ കു. കൈക്കൊള്ളൽ ഫരയറവ, ഫൻഫര–ൽ റഫൈന, ഫൻഫരു–ൽ നാഫരുദ. ദിവ്യകാരുണ്യ വിഷയത്തിൽ ഫാ–ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സിലെ താല്പര്യത്തെ പൂർണ്ണമായി അനുസരിച്ചു് ഈ എത്രയും രക്ഷാകര ഭക്തിയെ ഈ മിസ്സത്തിൽ സർവ്വോപരിയായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മഹാനായ കുയ്യാളച്ചേരിൽ മാർ തോമ്മാ മെത്രാനവർകളുടെ നാമം നിത്യ സ്മരണീയമായി ഭവിക്കട്ടെ!

നി. വ. ദിവ്യശ്രീ. മാത്തോമ്മാ മെത്രാനച്ചനവർകളുടെ റോമയിൽ നിന്നുള്ള മടങ്ങിയാത്രയിൽ, നമ്മുടെ മഹാരാജാവു തിരുമനസ്സിലേക്കു സമ്മാനിക്കുന്നതിനായി, പതിനഞ്ചാം ബനഡിക്തോസ് മാപ്പാപ്പാ തിരുമനസ്സിലെ ഒരു ഛായാപടം അവിടുന്നു ഏല്പിക്കയുണ്ടായി. നമ്മുടെ മെത്രാനച്ചനവർകൾ സപരിവാരം തിരുവനന്തപുരത്തു ചെന്നു ആ പടം നവംബർ റഫ–ാംനു മഹാരാജാവു തിരുമനസ്സിലേക്കു സമ്മാനിക്കയും അവിടുന്നു അതിനെ എത്രയും സന്തോഷപൂർവ്വം സ്വീകരിക്കയും ചെയ്തിരിക്കുന്നു. മെത്രാനച്ചന്റെ തിരുവനന്തപുരത്തെ താമസം ശവമ്പെണ്ടെ തിഥിയായിട്ടായിരുന്നു. മഹാരാജാവു തിരുമേനിയുമായുണ്ടായ കൂടിക്കാഴ്ചയിൽ അവിടുന്നു മെത്രാനച്ചന്റെ സുഖവിവരത്തെയും യാത്രാവിശേഷങ്ങളേയും മറ്റും കുറിച്ചു ചോദിക്കയുണ്ടായി. മെത്രാനച്ചന്റെ താമസസ്ഥലമായ നക്ഷത്രബംഗ്ലാവിൽ ചെന്നു പലേ പ്രധാനപ്പെട്ട സക്കാരുദ്യോഗസ്ഥന്മാരും അദ്ദേഹത്തെ സന്ദർശിച്ചു.

കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഡിസംബർമാസം ഉ–ാംനു സ്ഥാനത്യാഗം ചെയ്യാൻ തീർച്ചയാക്കിയിരിക്കുന്നു. ഇതുപ്രമാണിച്ചു അന്നേദിനം ഉച്ചയ്ക്കു ഏറണാകുളത്തു ഡർബാർഹാളിൽ തിരുമനസ്സുകൊണ്ടെഴുന്നള്ളി, അവിടെ കൂടുന്ന തന്റെ പ്രജകളെ സന്ദർശിക്കുമെന്നറിയുന്നു. ഈ തിരുമേനി പരിഷ്കൃത മാനസനും പ്രജകളേ പുത്രനിർവ്വിശേഷം സ്നേഹിക്കുന്ന ദേഹവുമാണു്. ഈ മഹാന്റെ ഭരണത്തിൽ കൊച്ചി സംസ്ഥാനത്തിനുണ്ടായിട്ടുള്ള അഭിവൃദ്ധിയും ശ്രേയസ്സും എത്രയോ അഭിലഷണീയമായിരിക്കുന്നു!

ബ്രിട്ടീഷ് സർവ്വസൈന്യാധിപനായിരുന്ന റോബർട്ട്സ് പ്രഭു അവർകൾ ഈ നവമ്പർ ഫ–ാംനു പ്രാൻസിൽ വച്ചു മരിച്ചുപോയിരിക്കുന്നു. അനേകം വർഷക്കാലത്തോളം ഇൻഡ്യയിലെ സർവ്വസൈന്യാധിപനായി ശോഭിച്ചിരുന്ന ഈ മഹാനെപ്പറ്റി കേട്ടിട്ടില്ലാത്തവർ, നമ്മുടെ നാട്ടിലും അധികമാരുമുണ്ടായിരിപ്പാനിടയില്ല. ഇദ്ദേഹത്തിനു ഇൻഡ്യാക്കാരോടു നിസ്സീമമായ സ്നേഹമുണ്ടായിരുന്നു. പ്രായാധിക്യംനിമിത്തം ജോലിയിൽ നിന്നു പിരിഞ്ഞു സ്വസ്ഥനായി താമസിച്ചിരുന്ന ഈ മഹാൻ, ഇംഗ്ലണ്ടിൽ നിന്നു പ്രാൻസിലേക്കു പോയതു അവിടെ യുദ്ധം ചെയ്യുന്ന ഇൻഡ്യൻസൈന്യങ്ങളെ കാണാനായിരുന്നു. എന്നാൽ അവിടെനിന്നും തിരികെ സ്വദേശത്തേക്കു മടങ്ങുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. നൃമോണിയാ നിമിത്തം അവിടെവച്ചുതന്നെ പരലോക പ്രാപ്തനാവുകയാണുചെയ്തതു്. മരിക്കുമ്പോൾ വൃദ്ധവയസ്സു പ്രായമുണ്ടായിരുന്നു. വയോവൃദ്ധതനിമിത്തം ജോലിയിൽനിന്നു പിരിഞ്ഞെങ്കിലും, മരണമുഹൂർത്തംവരെ ഇദ്ദേഹം ബ്രിട്ടീഷ് ഗവമ്മെണ്ടിന്റെ നന്മയ്ക്കായി ഓരോന്നു പ്രവർത്തിച്ചുകൊണ്ടാണിരുന്നതു്. അനേകം യുദ്ധങ്ങളിൽ ഇദ്ദേഹം വിസ്മയനീയമായ വിധത്തിൽ വിജയം പ്രാപിച്ചിട്ടുണ്ടു്. പ്രിട്ടോറിയായിൽ (ആഫ്രിക്കായിൽ) ബ്രിട്ടീഷ്കൊടി സ്ഥാപിച്ചതു ഈ മഹായോധവീരനാണെന്നു നിസ്സംശയം പറയാം. ഇദ്ദേഹത്തിന്റെ നിര്യാണംമൂലം ബ്രിട്ടീഷ് ഗവമ്മെണ്ടിനു നേരിട്ടിട്ടുള്ള നഷ്ടം കേവലം അപരിഹാര്യംതന്നെ.

മാസികാവരിപ്പണം അടച്ചവരുടെ പേരുവിവരം.

ഒരു ശ്രുപാവിതം

മ. രാ. രാ. അവർകൾ,

ബ. പുതുശ്ശേരി ശെഴ്യാരച്ചൻ, പൂണ്ടി വക്കി ഒൗസേപ്പു, ബ. പാറപ്പുറത്തു പൌലോസു ക., ക്രുനമ്മാവു കൊവേന്തയുടെ ബ. വികാരി അച്ചൻ, പുത്തൻ വീട്ടിൽ വക്കി മറിയം, ആലന്തിട്ട ഒൗസേപ്പു, വെളിയിൽ സ്രോക്കു ദേവസ്സി, ബ. മുരിക്കൻ തോമാച്ചൻ, കടമ്മേത്തു ഇത്താക്കു അവിരാ, തെക്കേക്കരെ മാത്തു അന്തോനി, ബ. വട്ടക്കളത്തിൽ മത്തായി ക., ചക്കാലയിൽ തൊമ്മാ ചാക്കോ, വടക്കുംമുറിയിൽ തോമ്മാ ഒൗസേപ്പു, കണ്ടംകരിയിൽ വുഗീസ് പോത്തൻ, മാംമൂട്ടിൽ ഉലഹന്നൻ ഒൗസേപ്പു, കല്ലുകളത്തിലായ പാലാത്ര മത്തായി പീലിപ്പോസ്, പായിക്കാട്ട ഗീവുഗീസു ദേവസ്യാ, V. M. D. Silva contractor, P. W. D. Trivanrum, J. Thomas, മുരിക്കൻ കുഴുൻ വക്കി, ബ. പെരുമ്പുഴ പീലിപ്പോസച്ചൻ, കല്ലറയ്ക്കൽ കുഞ്ഞുവക്കി, കിഴക്കേ ചലയ്ക്കൽ കുഞ്ഞാക്കൊ ഇട്ടിയവിരാ, ചെറിയപറമ്പിൽ ജേക്കോബ്പ് മറിയാൻ, ബ. വടക്കയിൽ ഗീവുഗീസച്ചൻ, ബ. നെച്ചിക്കാട്ട തോമ്മാച്ചൻ, ബ. ഒഴുകയിൽ സ്കറിയാച്ചൻ.

പലവക.

പുല്ലൻ ലോനൻ അന്തോനി, ശ്രു. ഫ ച. വ ക. സ, ബ. വയലാറു ഗീവുഗീസച്ചൻ ശ്രു. സ, ബ. മാളിയേക്കൽ വെള്ളാനിക്കാരൻ യോഹന്നാനച്ചൻ ശ്രു. വ ച. ൻ കാ. വ, പൊന്നോക്കൻ ഒൗസേപ്പുണ്ണി ഒൗസേപ്പു ശ്രു. വ, പനയ്ക്കൽ ഉതുപ്പ മകൻ കുറിയതു ശ്രു. ഫ ച. ഫര കാ. ഭ., പൂണോളി ഇട്ടൂപ്പു ദേവസ്സി ശ്രു. വ, ബ. മാണിക്കനാംപറമ്പിൽ യൌസേപ്പച്ചൻ, ശ്രു. വ, ചെങ്ങൽ കന്യകാമഠത്തിൻറ ബ. ശ്രേഷ്ഠത്തിയമ്മ ശ്രു. വ, ബ. പള്ളിപ്പള്ളിൽ മത്തായി അച്ചൻ ശ്രു. വ, ബ. വെട്ടിക്കാപ്പള്ളിൽ കുഴുക്കോസച്ചൻ, ശ്രു. ൠ ച. വ സ കാ ഫവ, ക്രുനമ്മാവുകൊവേന്തയുടെ ബ. വികാരിയച്ചൻ ശ്രു. വ, ക്രുനമ്മാവു കന്യകാമഠത്തിൻറ ബ. ശ്രേഷ്ഠത്തിയമ്മ ശ്രു. വ, തളിയത്തു ഒൗസേപ്പു പൈലൊ ശ്രു. വ, ബ. നല്ലൂർ യൌസേപ്പു ശെമ്മാശ് ശ്രു. സ, ബ. പാറയ്ക്കൽ ദേവസ്സി ശെമ്മാശ് ശ്രു. വ, മഞ്ഞുമ്മേൽ കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ശ്രു. വ, നടുവിലെ തെക്കേൽ ചാണ്ടി തൊമ്മൻ ശ്രു. ഫ ച. ഭ, കുന്നുകല്ലുങ്കൽ ദേവസ്യാ തോമ്മാ ശ്രു. ൠ, ആലുംമൂട്ടിൽ ഒൗസാചാക്കൊ ശ്രു. ഫ ച. ഫര. കാ. ഭ, N. J. Joseph ശ്രു. വ ച. വസ. കാ. ഫവ. ബ. കുണിയാമ്പടിക്കൽ ദേവസ്യാച്ചൻ ശ്രു വ ച. ഫര കാ. ഭ, ബ. അയ്യംകാനാൽ തോമ്മാച്ചൻ ശ്രു. വ, ബ. വട്ടമറ്റത്തിൽ മുറിഞ്ഞകല്ലേൽ തോമ്മാച്ചൻ ശ്രു. വ,

(തുടരും.)

REGISTERED No. M. 365

പഞ്ചാംഗം.

ഫൻഫ്രുഡിസംബർ – ധനു, വൃശ്ചികം – ധനു.

ഇംഗ്ലീഷ്.	മലയാളം.		വിശേഷ ദിവസങ്ങൾ.	
മാസം.	തീയതി.	തീയതി.		
	1	ഫന്നു	ചൊ	† വി. ഏലീ. (വൃ. ഫൻ) ന. അ. കു. പെ.	വെ.
ധനു	2	ഫ	ബു	വേ. ബിബിയാ. ന. അ. കു. പെ.	ചൃ.
	3	ഫ്വ	വ്യാ	† മെഗ. ശെഗ്നി. ന. അ. കു. പെ.	വെ.
	4	ഫൻ	വെ	† മെഗ. മ. പത്രോ. ക്രീ. ന. അ. കു. പെ.	വെ.
	5	ഫ	ശ	മെഗ. സാബാ. ന. അ. കു. പെ.	വെ.
	6	ഫ	ഞാ	✠ ആഗ: വാം ന. കു. അ.	റോ.
	7	ഫ	തി	മെഗ. അബ്രൊ. ന. കു. പെ.	വെ.
	8	ഫ	ചൊ	✠ കന്യാ. മ. അമ. ന. അ. കു. പെ.	വെ.
	9	ഫ	ബു	എം. ന. അ. കു. പെ.	വെ.
	10	ഫ	വ്യാ	† ക. മ. ഭവ. മാറം ന. അ. കു. പെ.	വെ.
	11	ഫന്നു	വെ	മെഗ. പാ. ദമാസി. ന. അ. കു. പെ.	വെ.
	12	ഫ	ശ	മ. മെഗ. ബസ്സ്. (മിഥു. ഫ) ന. അ. കു. പെ.	വെ.
	13	ഫ്വ	ഞാ	✠ ആഗ. സാം ന. കു. അ.	റോ.
	14	ഫൻ	തി	വേ. ലൂസി. (ഇന്നലെ) ന. അ. കു. പെ.	ചൃ.
	15	ഫ	ചൊ	ക. മ. അമ. എട്ടാ. ന. അ. കു. പെ.	വെ.
	16	ഫ	ബു	ക. വേ. ബർ. (ഇഗ. ര) ന. അ. കു. പെ. (പട്ട)	ചൃ.
	17	ഫ	വ്യാ	മെഗ. നിക്കൊ. (ഇഗ ന്നു) ന. അ. കു. പെ.	വെ.
	18	ഫ	വെ	തോമ്മാ ശ്ലീ. മൈ. പ്രത്യ. ന. അ. കു. പെ. (പട്ടം)	ചൃ.
	19	ഫ	ശ	† ക. പിറ. പ്രതി (ഇന്നലെ) ന. അ. കു. പെ.	വെ.
	20	ഫ	ഞാ	✠ ആഗ. ഭാം. ന. കു. അ.	റോ.
	21	ഫന്നു	തി	(✠) തോമ്മാ ശ്ലീ. ന. അ. കു. പെ.	ചൃ.
	22	ഫ	ചൊ	വേ. മെൽക്കി. (ഇഗ. ഫ) ന. അ. കു. പെ.	ചൃ.
	23	ഫ്വ	ബു	† മെഗ. അ. ദാവല്ലി. (വൃ. ഫ) ന. അ. കു. പെ.	വെ.
	24	ഫൻ	വ്യാ	ന. ക. പി. ത. നാ. ന. അ. കു. ത. (ഒ. നേ.)	റോ.
	25	ഫ	വെ	✠ ന. കു. പിറവി ന. കു. പെ.	വെ.
	26	ഫ	ശ	(✠) വേ. എസ്തപ്പാ. ന. അ. കു. പെ.	ചൃ.
	27	ഫ	ഞാ	✠ യോഹ. ശ്ലീ. ന. അ. കു. പെ.	വെ.
	28	ഫന്നു	തി	(✠) കുഞ്ഞിപ്പെ. ന. അ. കു. പെ.	റോ.
	29	ഫ	ചൊ	വേ. തോമ്മാ ന. അ. കു. പെ.	ചൃ.
	30	ഫ	ബു	പിറ. ഇട. ഞ. ന. കു. അ.	വെ.
	31	ഫന്നു	വ്യാ	പാ. മെഗ. സിൽവ. ന. അ. കു. പെ.	വെ.

✠ ഈ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം
* ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, MANNANAM.